KNANAYADEEPAM

# ക്നാനായ ദീപം

Vol: 36 / Issue: 2 February 2025 ₹:10/-



## നീതിമാന്റെ ഓർമ്മ അനുഗ്രഹത്തിനായിത്തീരട്ടെ

58 – ാം ചരമവാർഷികം
7-1-2025




ഉണ്ണിട്ടൻ ഉതുപ്പാൻ

73 – ാം ചരമവാർഷികം
20-07-2025



നൈത്തോമ്മ

37 – ാം ചരമവാർഷികം
28-2-2025



എം. യു. ഉതുപ്പാൻ
(ഉപ്പായിച്ചൻ)



18 – ാം ചരമവാർഷികം
29-5-2025



ചാച്ചിയമ്മ ഉതുപ്പാൻ

15 – ാം ചരമവാർഷികം
14-5-2025



എം. ഒ. ഏബ്രഹാം (പ്രസാദ്)

മണിമലേത്ത്
ഏജൻസി,
റാന്നി

"ക്രിസ്തുവിൽ വിശ്വസിക്കുന്നവർ
മരിച്ചാലും ജീവിക്കും "

*സന്തപ്ത കുടുംബാംഗങ്ങൾ*

3 – ാം ചരമവാർഷികം
24-2-2025



സുമ തോമസ്

Advt -R

# ക്നാനായ ദീപം

2025 ഫെബ്രുവരി പുസ്തകം 36 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കുട്ടികളും ഡിജിറ്റൽ ലോകവും 08
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

നാം എഴുന്നേറ്റു പണിയുക 10
ഫാ. കെ.ഒ. ജോസഫ്, കുളത്രാമണ്ണിൽ

പരീക്ഷക്ക് ഒരുങ്ങാം, തികഞ്ഞ ആത്മവിശ്വാസത്തോടെ! 15
സുനിൽ ഡി. കുരുവിള

സാക്ഷ്യം പറയുന്നവർ മൂവർ 17
കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

അനുഗ്രഹം ലഭിക്കാൻ... 18
ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം

കുടുംബത്തിന്റെ പേര് ക്രിസ്ത്യാനി 19
അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

ഏവൻഗേലിയോൻ ദീപം 20
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ
വെരി. റവ. ഫാ. റോയി മാത്യു കോർ–എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ

ശ്ലീഹന്മാരുടെ തലവനായ വി.പത്രോസ് 23
ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

25 അനുഗ്രഹം പിടിച്ചുവാങ്ങിയ അനുഭവം
സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 വാർത്തകൾ

41 മല്പാനോട് ചോദിക്കാം

42 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan) Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




**കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹ വന്ദനം.**

ലോക ചരിത്രത്തിൽ ഒരിക്കലും മനുഷ്യൻ ഈ കാലഘട്ടത്തിലെപ്പോലെ അനിശ്ചിതത്തിനും ആശങ്കയ്ക്കും വിധേയമായിട്ടില്ല. "ഉൽക്കണ്ഠയുടെ യുഗം" എന്ന് പല ചിന്തകന്മാരും വിശേഷിപ്പിക്കുന്ന ഈ കാലത്ത് ക്രിസ്തു മതത്തിന് സുപ്രധാനമായ ഒരു സന്ദേശം ലോകത്തിനു നൽകാനുണ്ട്. അത് ക്രിസ്തുവിന്റെ ഉപദേശങ്ങളിൽ ഉടനീളം കാണുന്ന സമാധാനത്തിന്റെ സന്ദേശവും ക്രിസ്തീയ അനുഭവത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള പുനർ സ്ഥിരീകരണവുമാണ്. എഴുതിയാൽ തീരാത്ത, പറഞ്ഞാൽ തീരാത്ത, ജീവിത അനുഭവങ്ങളാണ് മുമ്പിൽ കാണുന്നത്. നോഹയുടെ കാലത്തിലേതും അപ്പുറം വഷളായ ഒരു ലോകത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കാൻ ഇന്ന് മറന്നു പോയിരിക്കുന്നു.

മനുഷ്യൻ മനുഷ്യന്റെ ശബ്ദം സംഗീതംപോലെ ശ്രവിക്കാൻ കഴിവുള്ളവനായിരിക്കണം. പക്ഷേ അതു സാധ്യമാകണമെങ്കിൽ മനുഷ്യനിൽ ധാർമ്മീകത്വം ഉണ്ടായിരിക്കണം. അതു നഷ്ടമാകുമ്പോഴാണ് മനുഷ്യൻ മനുഷ്യനെ തന്നെ മറക്കുന്നത്. ഇന്നു സ്വാർത്ഥത നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. നമ്മുടെ മുമ്പിൽ കാണുന്നത് വക്രതയും ചതിവും നിറഞ്ഞ ലോകം. പണത്തിനുവേണ്ടി മാത്രം ജീവിക്കുന്ന ഒരു കാലം. അതു സമ്പാദിക്കുന്നതിനു വേണ്ടി എന്ത് പ്രവർത്തിയും ചെയ്യാൻ മടി ഇല്ല. അതിലൂടെ നിഷ്കളങ്കരായ ദുർബല വിഭാഗക്കാർ ഇന്നു വീർപ്പു മുട്ടി ജീവിക്കേണ്ടിവരുന്നു. ശരിയായ ഒരു ആചാര മര്യാദ (code of conduct). ഇല്ലാത്ത അഥവാ സംസ്ക്കാരം നഷ്ടപ്പെട്ട ഇന്നത്തെ കുത്തഴിഞ്ഞ രാഷ്ട്രീയം ഇന്നു മനുഷ്യനെ ഞെക്കിപ്പിഴിയുന്നു.

ഇന്നേക്ക് 2000 കൊല്ലങ്ങൾക്ക് മുമ്പ് ലോകത്തിന്റെ പാപത്തെ മുഴുവനായി ശിരസ്സിൽ വഹിച്ചുകൊണ്ട് ലോകത്തിൽ ആരും സഹിച്ചിട്ടില്ലാത്ത വിധത്തിൽ അതിവേദനയും കഷ്ടവും സഹിച്ച യേശുനാഥൻ തന്നെ ത്യാഗമായി കാൽവറി ക്രൂശിൽ അർപ്പിക്കപ്പെട്ടു. അന്ന് ഒരു കൂട്ടം ദുഷ്ടന്മാർ നിർദോഷിയും നിഷ്ക്കളങ്കനുമായിരുന്ന ആ മനുഷ്യപുത്രനെ ചാട്ടവാർ ഉപയോഗിച്ച് താങ്ങാനാകാത്ത കുരിശും വഹിച്ചുകൊണ്ട് ദയനീയമായി മർദ്ദിച്ച് തെരുവീഥികളിൾകൂടി നടത്തി, നിന്ദിച്ച് കുരിശിൽ തറച്ചുകൊന്നു. എന്നാൽ ദൈവപുത്രനായ യേശു മരണത്തെ ജയിച്ച് മൂന്നാംനാൾ ഉയർത്തെഴുന്നേറ്റ് ലോകത്തിന് ഒരു രക്ഷകൻ ഉണ്ടെന്ന് മനുഷ്യവർഗത്തിന് കാണിച്ചു കൊടുത്തതിലൂടെ മറ്റൊരു മഹാസംഭവം ലോകം കണ്ടു. ആ യേശുക്രിസ്തുവിന്റെ അനുയായികളായവരെ ലോകം ക്രിസ്ത്യാനികൾ എന്നു വിളിച്ചു. ഇതൊക്കെ അറിഞ്ഞിട്ടും മനുഷ്യൻ മനസ്സലിവില്ലാത്തവനായി. ദൈവഭയം ഇല്ലാതെ സത്യത്തെയും നീതിയേയും മറന്ന് സകല ദുഷ്പ്രവർത്തികളും ചെയ്തു ലക്ഷ്യം തെറ്റി ഓടുകയാണ്. ധാർമ്മീക പ്രമാണങ്ങളെപ്പോലും വിറ്റഴിച്ച് അനീതിക്കും അക്രമത്തിനും കൂട്ടുനിന്ന് വെട്ടിപ്പുകൾ നടത്തി ആരെയും ഭയമില്ലാതെ മനുഷ്യ സ്നേഹമില്ലാത്തവരായി മിടുക്കന്മാരാണെന്ന ദുരഭിമാനവും നടിച്ച് നടക്കുന്ന ഒരു കൂട്ടം സഭാ

**ഇന്നു സ്വാർത്ഥത നിറഞ്ഞ ഒരു**
**ലോകത്തിലാണ് നാം ജീവിക്കുന്നത്.**
**നമ്മുടെ മുമ്പിൽ കാണുന്നത് വക്രതയും**
**ചതിവും നിറഞ്ഞ ലോകം.**
**പണത്തിനുവേണ്ടി മാത്രം**
**ജീവിക്കുന്ന ഒരു കാലം.**
**അതു സമ്പാദിക്കുന്നതിനുവേണ്ടി**
**എന്ത് പ്രവർത്തിയും ചെയ്യാൻ മടി ഇല്ല.**
**അതിലൂടെ നിഷ്കളങ്കരായ ദുർബല**
**വിഭാഗക്കാർ ഇന്നു വീർപ്പു മുട്ടി**
**ജീവിക്കേണ്ടിവരുന്നു.**

നേതൃത്വവും അവർക്ക് ഹോശാന പാടുന്ന അഴിമതിക്കാരെയും ബ്യൂറോകാറ്റുകൾ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥന്മാരേയും കൊണ്ടു നിറഞ്ഞ ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഇന്ന് എവിടെയും നിയന്ത്രണമില്ലാതെ അധർമ്മം പെരുകുന്നു. വേദപുസ്തകം പറയുന്നു. "ദേശത്ത് സത്യവും ഇല്ല ഭയവുമില്ല ദൈവ പരിജ്ഞാനവുമില്ല അതുകൊണ്ട് ദേശം ദു:ഖിക്കുന്നു (ഹോശയ. 4:1–3). അധർമ്മികൾക്കും അഴിമതികൾക്കും ഇന്ന് ആരേയും ഭയമില്ല. കാരണം അനീതിക്ക് കൂട്ടുനിൽക്കുന്ന രാഷ്ട്രീയക്കാർ ഇന്ന് അവരുടെ പക്ഷത്താണ്. ഇവിടെയാണ് ഒരു സാമൂഹിക സാംസ്ക്കാരിക വിപ്ലവത്തിന് നാം നമ്മേ തന്നെ ആഹ്വാനം ചെയ്യേണ്ടത്. ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലായിടത്തും അറിയിക്കുകയും യേശുക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് ജനത്തെ സ്വീകരിക്കുകയും ചെയ്യേണ്ടത് സഭയുടെ ചുമതലയാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നവർ ദൈവരാജ്യത്തിന്റെ അനുഭവങ്ങളായ നീതി, സമാധാനം, സന്തോഷം എന്നിവ നിലനിൽക്കുന്ന ഒരു സമൂഹത്തെയാണ് വാർത്തെടുക്കുന്നത്. ഇതിൽ മലങ്കരയിലെ സഭ പരാജയപ്പെട്ടു. ത്യാഗം സഹിച്ചും, കർത്താവിൽ ആശ്രയിച്ചും, ആത്മാർത്ഥമായി പ്രവർത്തിക്കുന്ന മെത്രാന്മാരേയാണ് ഇന്നത്തെ സഭയ്ക്ക് വേണ്ടത്. സ്വാർത്ഥരും സുഖലോലുപരും മറ്റുള്ളവരുടെ അവസ്ഥകളെ മനസ്സിലാക്കാൻ കഴിയാത്തവരുമായവർക്ക് സുവിശേഷ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു നയിക്കാൻ കഴിയുകയില്ല. ഭൗതീക നന്മകൾ മാത്രം നോക്കിയാൽ വിജയിക്കുകയില്ല. ഭൗതീകത്തിന് അടിമയായാൽ അവൻ വിലയില്ലാത്തവനും സാക്ഷ്യം നഷ്ടപ്പെട്ടവനുമായിത്തീരും. ദൈവരാജ്യത്തിന്റെ അനുഭവം നിത്യമായ പ്രത്യാശയിൽ നിന്നുകൊണ്ട് സുവിശേഷ വേലയിൽ ഫലകരമായി പങ്കു ചേരുവാൻ ദൈവം കൃപ ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**എന്ന്**
**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2025 വർഷത്തിന്റെ ഒരു മാസം പിന്നിട്ട് പുതിയ മാസത്തിലേക്ക് നാം പ്രവേശിച്ചുവല്ലോ. ലഭിച്ച ദൈവകൃപയ്ക്കായി ദൈവസന്നിധിയിൽ സ്തുതി സമർപ്പിക്കുന്നു. ഫെബ്രുവരി മാസത്തിൽ പരിശുദ്ധ ഏലിയാസ് ത്രിതീയൻ ബാവായുടെ പെരുന്നാൾ ആചരിക്കുന്നുവല്ലോ. മഞ്ഞനിക്കര കുന്നിന്റെ അസ്തമിക്കാത്ത സൂര്യനായ ബാവായുടെ മദ്ധ്യസ്ഥത നമ്മുക്കെന്നും കോട്ടയും അഭയവുമാണ്. നമ്മിൽ അനേകരും മഞ്ഞനിക്കരയിലെ കബറിങ്കൽ പോയി അനുഗ്രഹം പ്രാപിക്കുന്നവരാണ്. അതുപോലെ വിവിധ സ്ഥലങ്ങളിൽ നിന്ന് വരുന്ന തീർത്ഥാടകരെ സ്വീകരിക്കുന്നവരുമാണ്. പരിശുദ്ധന്റെ ഓർമ്മ നമുക്കെന്നും വാഴ്വിനായിത്തീരട്ടെ. പരിശുദ്ധന്റെ മദ്ധ്യസ്ഥത യാചിക്കുന്നതിനൊപ്പം പിതാവിന്റെ വിശ്വാസതീക്ഷ്ണതയും നമുക്ക് മാതൃകയായിരിക്കട്ടെ.

മാർച്ച് 3 തിങ്കളാഴ്ച വലിയനോമ്പ് ആരംഭിക്കുകയാണല്ലോ. പരി. സഭ വലിയ നോമ്പിൽ ഉദ്ദേശിക്കുന്നത് വിശ്വാസ സമൂഹത്തിന്റെ പരിവർത്തനം ആണല്ലോ. വലിയനോമ്പ് അവസാനിക്കുന്നത് നമ്മുടെ കർത്താവിന്റെ ഉയിർപ്പു പെരുന്നാളിനാണല്ലോ. യേശു ദൈവിക പദ്ധതിപ്രകാരം തന്റെ ജീവനെ ബലിയായി അർപ്പിച്ച് പഴയനിയമ ബലി പൂർത്തീകരിച്ച് മനുഷ്യകുലത്തിനാകമാനം രക്ഷ സമ്മാനിച്ച ദൈവപുത്രനായ യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ദൈവിക ശക്തിയെ വെളിപ്പെടുത്തിയത് തന്റെ ഉയിർപ്പോടെയാണല്ലോ. നോമ്പ് പരി. സഭ ക്രമീകരിച്ചിരിക്കുന്നത് വിശ്വാസ സമൂഹത്തെ വിശുദ്ധിയിലേക്ക് ആനയിക്കുവാനാണല്ലോ. വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ ഒന്നാമതായി ഉണ്ടാകേണ്ടത് അനുതാപമാണ്. അത് നമ്മുടെ ജീവിത പാതകളിലെ തെറ്റുകളെ കണ്ടുപിടിക്കുവാൻ നമ്മെ സഹായിക്കുമെന്ന് മാത്രമല്ല, നാം ആയിത്തീരേണ്ട അവസ്ഥയെക്കുറിച്ചുള്ള ബോധ്യവും നമുക്ക് സമ്മാനിക്കും. നമ്മുടെ തെറ്റുകളെക്കുറിച്ചുള്ള ബോധ്യമുണ്ടായാൽ കുമ്പസാരമെന്ന കൂദാശയിലൂടെ നമ്മെതന്നെ കഴുകി വെടിപ്പാക്കി വി. കുർബ്ബാനയാകുന്ന യേശുവിന്റെ ശരീരരക്തങ്ങൾ സ്വീകരിച്ച് വെണ്മയുള്ളവരായിത്തീരണം. അങ്ങനെ ഈ വർഷത്തെ നമ്മുടെ വലിയനോമ്പ് വ്യത്യസ്തയുടേതായിത്തീരാൻ നമുക്ക് ശ്രമിക്കേണ്ടതുണ്ട്. അതിന് ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അനുതാപത്തിന്റെ കാറ്റ് നമ്മിൽ വീശി നാം എല്ലാവരും വിശുദ്ധി നിറഞ്ഞവരായിത്തീരാൻ ദൈവം അനുഗ്രഹിക്കട്ടെ.

വലിയനോമ്പിന് മുമ്പായി കൊഹ്നെ, ആനീദേ ഞായറാഴ്ചകൾ ആചരിക്കുന്നു. നമ്മെ ശുശ്രൂഷിച്ച വൈദികരെയും, നമ്മെ ദൈവവഴികളിൽ നടത്തിയ മുൻ തലമുറകളെയും നാം അനുസ്മരിക്കുകയാണ്. ഇതിന്റെ അനുസ്മരണം അവരുടെ നല്ല സ്മരണകളെ അയവിറക്കുകമാത്രമല്ല, അവരിൽനിന്ന് ലഭ്യമായ നല്ല മാതൃകകളെ ഉൾക്കൊണ്ട് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനും ഇടയാകണം. മുൻ തലമുറകൾ നമുക്ക് കൈമാറിയ മൂല്യാധിഷ്ഠിത ജീവിതം നമ്മുടെ പ്രത്യേകതയായിത്തീരാനും ഇടയാകേണ്ടതുണ്ട്. ആധുനികയുടെ അതിപ്രസരത്തിൽ മൂല്യാധിഷ്ഠിത ജീവിതശൈലി നമുക്ക് നഷ്ടപ്പെടുന്നുവോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ ദിവസങ്ങൾ ആചരിച്ചതിലൂടെ മൂല്യാധിഷ്ഠിത ജീവിതം നയിക്കുവാനുള്ള പ്രേരണയെ ഉൾക്കൊണ്ട് ജീവിതത്തെ നവീകരിക്കുവാൻ ഇടയാകണം.

23-ാമത് ക്നാനായ കൺവൻഷൻ മാർച്ച് 5 ബുധൻ മുതൽ 9 ഞായർ വരെ വിജയ കൺവൻഷൻ സെന്ററിൽ വച്ച് നടത്തുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. അതിന്റെ ഒരുക്കങ്ങൾ എല്ലാം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ക്നാനായ സുവിശേഷ സമാജത്തിന്റെ എല്ലാ പ്രവർത്തകരും ഇതിന്റെ അനുഗ്രഹത്തിനുവേണ്ടി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. എല്ലാ വിശ്വാസികളും ഇതിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായമുൾപ്പെടെ എല്ലാ സഹകരണങ്ങളും ആത്മാർത്ഥമായി ഉണ്ടാകണമെ. നമ്മുടെ പ്രാർത്ഥന ധാരാളമായി ഉണ്ടാകണം. അതിലൂടെ ഈ വർഷത്തെ എല്ലാ ശുശ്രൂഷകളും ഏറ്റവും അനുഗ്രഹമാകട്ടെയെന്ന് ആശംസിക്കുന്നു. വചനധ്യാനങ്ങൾ നമ്മെ ജീവിതരൂപന്തരത്തിലേക്ക് നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ക്നാനായ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ സമുദായത്തിൽപ്പെട്ടവർക്ക് മാത്രമല്ല നാനാജാതിമതസ്ഥർക്കും വളരെ പ്രയോജനപ്പെട്ടത് ഏവർക്കും അറിവുള്ളതാണല്ലോ. പ്രത്യേകിച്ച് 2018 ലെ ജലപ്രളയത്തിന്റെ കാലഘട്ടത്തിലും, കോവിഡിന്റെ സമയത്തും ഏറെ അനുഗ്രഹമായ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. കഴിഞ്ഞ ടേമിൽ പ്രവർത്തിച്ചവരുടെ കാലാവധി ശ്രേഷ്ഠമായി പൂർത്തിയാക്കി. പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. വനിതകളെയും കേന്ദ്ര ഭാരവാഹിത്വത്തിലേക്ക് തെരഞ്ഞെടുത്തുവല്ലോ. മുൻഭാരവാ

*(ശേഷം പേജ് 9-ൽ)*

# സമുദായ വാർത്തകൾ



 റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

ക്നാനായ ഭരണഘടനപ്രകാരം 2025 ജനുവരി 1-ാം തീയതി മുതൽ വൈദികരുടെ ട്രാൻസ്ഫർ നടത്തിയപ്പോൾ അതിനെ അംഗീകരിക്കാതെ സമുദായത്തിലെ സഹായ മെത്രാച്ചൻ കല്പന ഇറക്കുകയും അഞ്ചു വൈദികർ സമുദായ മെത്രാപ്പോലീത്തായുടെ കല്പന അനുസരിക്കാതെ വി. ബലിയർപ്പിക്കാതെ മാറി നിൽക്കുകയുമാണ്.

ദൈവത്തിന്റെ കൃപയാൽ യഹൂദാ ക്രിസ്ത്യാനികളായ ക്നാനായക്കാരെ ഒരുശക്തിക്കും തോൽപ്പിക്കുവാൻ കഴിയില്ല എന്ന് തെളിയിച്ചുകൊണ്ട് ക്നാനായ സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലും (ചുരുക്കം ചില ഞായറാഴ്ചകളിൽ ഒരു ദൈവാലയമോ വല്ലതും ഒഴിച്ചാൽ) വി. കുർബ്ബാന മുടക്കം കൂടാതെ നടത്തിക്കൊടുക്കുവാൻ ഉത്തരവാദിത്തപ്പെട്ട ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തായ്ക്കും, വൈദിക കൗൺസിലിനും, ക്നാനായ കമ്മറ്റിയ്ക്കും സാധിച്ചു എന്നുള്ളതിന് ദൈവത്തെ സ്തുതിക്കുന്നു.

ക്നാനായ സമുദായത്തിലെ മൂന്നു സഹായ മെത്രാൻമാരും പത്ത് വൈദികരും യാക്കോബായ സഭയിലെ മുതിർന്ന മെത്രാച്ചനും ക്നാനായ സമുദായ ജനത്തിന് ആഴ്ചയിൽ ഒരു പ്രാവശ്യം ലഭിക്കുന്ന ആത്മീയ ആഹാരമായ വി. കുർബ്ബാന മുടക്കുന്നതിന് ആകുന്നവിധം ശ്രമിച്ചു. അതിന്റെ തെളിവുകൾ ഞങ്ങളുടെ വശം ഉണ്ട്.

എന്നാൽ അതിനെ ധീരമായി നേരിട്ട് ഇപ്പോൾ വി. കുർബ്ബാന അർപ്പിച്ചുകൊണ്ടിരിക്കുന്ന ക്നാനായ സമുദായ സ്നേഹികളായ എല്ലാ ബഹു. വൈദിക ശ്രേഷ്ഠരോടും, പ്രത്യേകിച്ച് യാക്കോബായ സഭയിലെ ശക്തന്മാരായ വൈദീകരോടും, ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. നിങ്ങൾക്കുവേണ്ടി ക്നാനായ ജനം തീർച്ചയായും ആത്മാർത്ഥമായി പ്രാർത്ഥിക്കും എന്ന് അറിയിക്കട്ടെ.

വൈദികരുടെ ട്രാൻസ്ഫർ നടത്തിയപ്പോൾ ക്നാനായ സമുദായത്തിലെ റിട്ടയർ ചെയ്ത വൈദികർ ഉൾപ്പെടെ പത്ത് അച്ചന്മാർ എഴുതിത്തന്നു.

"കാനോനിക മെത്രാൻ കുറിയാക്കോസ് മോർ ഗ്രീഗോറിയോസിന്റെ കല്പന മാത്രമേ കാനോനികമായി ഞങ്ങൾ അംഗീകരിക്കുകയുള്ളൂ. കുറിയാക്കോസ് മോർ സേവേറിയോസിന്റെ കത്ത് കാനോനികമായി പിന്തുടർന്നു പോകുവാൻ സാധിക്കുകയില്ല" എന്നാണ് കത്തിന്റെ ചുരുക്കം. ഈ പത്തിൽ നാലു പേർക്ക് നിയമനം കൊടുത്തിട്ടില്ല. ബാക്കിയുള്ള വൈദികർ 6 പേരാണ് എങ്കിലും 5 പേർ മാത്രമേ കുർബ്ബാന ചൊല്ലാതെയിരുന്നുള്ളു.

മലബാറിലുള്ള മുതുവം, പ്രാപ്പോയിൽ പള്ളികളിൽ യാക്കോബായ സഭയിലെ വൈദികരെ അയച്ചിട്ട് അവരേ വി. കുർബ്ബാന അർപ്പിക്കാതെ മടക്കി അയക്കുകയാണ് ഉണ്ടായത്. അതിന് സമുദായം ഉത്തരവാദിയല്ല. ക്നാനായ ദൈവാലയങ്ങളിൽ വി. ബലി മുടക്കിയല്ല പ്രതിഷേധിക്കേണ്ടത് എന്ന് കത്തു തന്ന വൈദികർ മനസ്സിലാക്കണമായിരുന്നു. നിങ്ങൾ മാനസാന്തരപ്പെട്ട് തിരികെ വന്നാലും ഇനിയും ക്നാനായ സമുദായ ജനഹൃദയങ്ങളിൽ നിങ്ങൾക്ക് സ്ഥാനം ഉണ്ടോ എന്ന് കണ്ടറിയണം. ഏതായാലും ക്നാനായ ഭരണഘടനയും, സമുദായ മെത്രാപ്പോലീത്തയുടെ കല്പനയും അംഗീകരിക്കാത്തതിന് തീർച്ചയായും നടപടി നേരിടേണ്ടിവരും എന്നുള്ളത് സ്വാഭാവികം മാത്രമാണ്.

മലങ്കര സുറിയാനി ക്നാനായ സമുദായവും, ദോഹ സെന്റ് പീറ്റേഴ്സ് ക്നാനായ പള്ളിയും ചേർന്ന് നടത്തിയ ഓൺലൈൻ ക്രിസ്തുമസ് കരോൾ ഗാനമത്സരം വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഇതിൽ പങ്കെടുത്ത എല്ലാ ടീമുകളും വളരെ മികച്ച പ്രകടനമാണ് കാഴ്ചവച്ചത്. ഈ പരിപാടിക്ക് നേതൃത്വം നൽകിയ ദോഹ സെന്റ് പീറ്റേഴ്സ് ക്നാനായ ഇടവകയോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. മത്സരവിജയികളായി 1-ാം സമ്മാനം 12,000 രൂപ Team No. 111, സെന്റ് മേരീസ് ക്നാനായ ചർച്ച് ഷാർജ, 2-ാം സമ്മാനം 5,000 രൂപ Team No.107, സെന്റ് ജോർജ് ക്നാനായ ചർച്ച് ദുബായ്, 3-ാം സമ്മാനം 3,000 രൂപ Team No.104, സെന്റ് മേരീസ് ക്നാനായ ചർച്ച് ചിക്കാഗോ, യു.എസ്.എ.. പ്രോത്സാഹന സമ്മാനം ലഭിച്ച പള്ളികൾ സെന്റ് പോൾസ് ക്നാനായ പ്രയർ ഗ്രൂപ്പ് റിയാദ്, സെന്റ് ജോൺസ് ക്നാനായ ചർച്ച് തുരുത്തിക്കാട്, സെന്റ് ജോർജ് ക്നാനായ സിറിയൻ ചർച്ച് ബാംഗ്ലൂർ.

ഇദംപ്രദമായിട്ടാണ് ക്നാനായ സമുദായം ഒഫീഷ്യലായി ഇങ്ങനെ ഒരു പരിപാടി സംഘടിപ്പിച്ചത്. ആകയാൽ ചില ന്യൂനതകൾ ഉണ്ടായിട്ടുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. മുന്നമെ ചില മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നതുകൊണ്ടാണ് പിന്നീട് അത് മാറ്റുവാൻ കഴിയാതിരുന്നത്. അത് ഈ മത്സരത്തിൽ പങ്കെടുത്ത ക്നാനായപള്ളി ഗായക സംഘങ്ങളും പൊറുത്ത് സമുദായ മീഡിയാ സെല്ലിനോട് സഹകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

അടുത്ത മത്സരത്തിൽ ഈ ന്യൂനതകൾ പരിഹരിക്കുന്നതായിരിക്കും. ഇനി മുതൽ ഗായകസംഘങ്ങളുടെ പാട്ടുകൾ ഓൺലൈൻ മാർക്കിങ്ങിനു പുറമെ വിദഗ്ദ്ധരായ ജഡ്ജസിനെക്കൊണ്ട് പെർഫോമൻസ് വിലയിരുത്തിയതിന് ശേഷമായിരിക്കും വിജയികളെ പ്രഖ്യാപിക്കുന്നത്.

ഈ മത്സത്തിൽ മത്സരിച്ച എല്ലാ ക്നാനായ സമുദായത്തിലെ ഗായകസംഘങ്ങളോടും, സംഘാടകരോടും ഉള്ള ഹൃദയം നിറഞ്ഞ നന്ദി സമുദായത്തിനുവേണ്ടി അറിയിക്കുന്നു.

യൂറോപ്പിലെ പുരാതനവും പ്രസിദ്ധവുമായ Cumbria University യുടെ പ്രതിനിധികൾ ക്നാനായ സമുദായം തോട്ടയ്ക്കാട്ട് നിർമ്മാണം പൂർത്തിയായി കൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജ് സമുച്ചയം 20-01-2025 ൽ സന്ദർശിച്ചു.

വിദേശ യൂണിവേഴ്സിറ്റിയുടെ വിവിധങ്ങളായ കോഴ്സുകൾ ഇവിടെ ആരംഭിക്കുന്നതിനുവേണ്ടിയാണ് യൂണിവേഴ്സിറ്റി അധികൃതരുടെ സന്ദർശനം.

കേരളം ഉൾപ്പെടെ ഭാരതത്തിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ധാരാളം വിദ്യാർത്ഥികൾ ഉപരിപഠനത്തിനു വേണ്ടി ലക്ഷങ്ങൾ മുടക്കിയാണ് വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്നത്. കേരളത്തിലും വിദേശത്തുമായി പഠിച്ച് വിദേശ

യൂണിവേഴ്സിറ്റി പഠനം പൂർത്തിയാക്കി ഉയർന്ന ജോലി ലഭിക്കുന്നതിനുള്ള കാൽവയ്പ്പിന് ക്നാനായ സമുദായം കേരളസംസ്ഥാനത്തിന് മാതൃക കാട്ടി മുന്നിട്ടിറങ്ങുന്നത്.

വിദേശസംഘം ക്ലീമ്മീസ് സ്ക്കൂളും സന്ദർശിച്ചു. ക്നാനായ സമുദായത്തിന്റെ ഭരണസിരാകേന്ദ്രമായ മോർ അപ്രേം സെമിനാരിയിലെത്തി ക്നാനായ വലിയമെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് സേവേറിയോസ് തിരുമേനിയുമായും ചർച്ച നടത്തി. ക്നാനായ സമുദായ സെക്രട്ടറി, സമുദായ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ഹാബിറ്റാറ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ പത്മശ്രീ ഡോ. ശങ്കർ എന്നിവർ വിദേശ സന്ദർശന സംഘത്തിനെ സ്വീകരിച്ച് വിശദീകരണങ്ങൾ നൽകി.

ക്നാനായ സമുദായത്തെ ദിനവും സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 21-ാം വാർഷികവും ഏകോപിപ്പിച്ചു 2025 ജനുവരി 28-ാം തീയതി കേരളത്തിലെ ക്രൈസ്തവ മേലദ്ധ്യക്ഷന്മാരേയും രാഷ്ട്രീയ സാമുദായിക നേതാക്കളേയും ഉൾപ്പെടുത്തി ഇദം പ്രദമായി സമുദായം ഒരു വിരുന്നു നടത്തുകയുണ്ടായി.

ഈ ചടങ്ങിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ ആദരിച്ചു. മെത്രാപ്പോലീത്ത കേക്ക് മുറിച്ച് മധുരം പങ്കുവച്ചു.

ക്രൈസ്തവ സഭകൾക്ക് ക്നാനായ സമുദായം മാതൃകയാണ് എന്ന് മോർ തിയഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്ത പ്രസംഗിച്ചു.

കർദിനാൾ മോർ ജോർജ് ആലഞ്ചേരി, മലങ്കര കത്തോലിക്കാ സഭ മേലദ്ധ്യക്ഷൻ കർദ്ദിനാൾ മോർ ക്ലീമീസ് കാതോലിക്കാബാവ, പാലാ രൂപത അദ്ധ്യക്ഷൻ മോർ ജോസഫ് കല്ലറങ്ങാട്ട്, ആർച്ച് ബിഷപ്പ് മോർ തോമസ് തറയിൽ, കൽദായ സഭ അദ്ധ്യക്ഷൻ മോർ ഔഗേൻ കുറിയാക്കോസ്, ആർച്ച് ബിഷപ്പ് തോമസ് കുറിലോസ്, ഫ്രാൻസിസ് ജോർജ് എം.പി., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., ജോബ് മൈക്കിൾ എം.എൽ.എ., മുൻ എം.എൽ.എ. രാജു ഏബ്രഹാം, മുൻ എം.പി. തോമസ് ചാഴിക്കാടൻ, മുൻ എം.എൽ.എ. സ്റ്റീഫൻ ജോർജ്, മാർത്തോമ്മാ സഭാ ട്രസ്റ്റി അഡ്വ. അൻസിൽ കോമട്ട്.

ക്നാനായ സമുദായ സെക്രട്ടറി റ്റി.ഓ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറാൾ ഫാ.വി.എ. ഏബ്രഹാം ഇളയശേരിൽ, വൈദീക ട്രസ്റ്റി ഫാ.എം.സി സഖറിയ മധുരംകോട്ട്, ക്നാനായ കമ്മറ്റി അംഗങ്ങളായ തോമസുകുട്ടി തേവരുമുറിയിൽ, രെഞ്ചു കോഴിമറ്റം, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, റ്റിജു തോട്ടുപുറത്ത് ഭദ്രാസന സെക്രട്ടറി ഫാ. നോബിൻ ഇളകുറ്റൂർ, ഫാ. മെറ്റോ ജോസഫ് വെട്ടിപ്പറമ്പിൽ, ഫാ.ബിബിൻ ആൻഡ്രൂസ് കുന്നുംപുറത്ത് എന്നിവർ പ്രസംഗിച്ചു.

പ്രിയപ്പെട്ടവരേ, ക്നാനായ സമുദായ മെത്രാപ്പോലീത്തായെ ഒഫീഷ്യലായി കാണണമെന്ന് ആഗ്രഹിക്കുന്നവർ മുൻകൂട്ടി അപ്പോയിമെന്റ് വാങ്ങണമെന്ന് അറിയിക്കുന്നു. അതിനു കാരണം രണ്ടു പ്രാവശ്യം കുറെ ആളുകൾ കൂട്ടം കൂടിവന്ന് സമുദായ മെത്രാപ്പോലീത്തായുമായി വാക്കുതർക്കം ഉണ്ടായിയെന്ന തരത്തിൽ വീഡിയോ എടുത്ത് പ്രചരിപ്പിക്കുന്നത് കാണുവാൻ ഇടയായി. അത് സമുദായത്തിന് ഭൂഷണമില്ല അതിന്റെ വലിയ ഉദാഹരണമാണ് ഫെബ്രുവരി ഒന്നാം തീയതി രാത്രി എട്ടു മുപ്പതിന് സെക്യൂരിറ്റി എന്നെ വിളിച്ചു പറഞ്ഞു ഒരു ദൈവാലയത്തിൽ നിന്നും 30 ൽ പരം ആളുകൾ രാത്രി എട്ടു മുപ്പതിന് സെമിനാരിയിൽ വന്നു നിൽക്കുന്നു എന്ന്. അതനുസരിച്ച് വന്ന പള്ളി ട്രസ്റ്റിയുമായി സെക്യൂരിറ്റിയുടെ ഫോണിൽ സംസാരിച്ചു. ഇന്ന് രാത്രി എന്തായാലും സമുദായ മെത്രാപ്പോലീത്തായെ കാണുവാൻ പറ്റില്ലായെന്ന് പറഞ്ഞതാണ്. അവർ ഫോൺ കട്ട് ചെയ്യുകയാണ് ഉണ്ടായത്. എന്നിട്ടും പോകാതെ അവിടെ നിൽക്കുന്നത് ശരിയല്ലാ സ്ത്രീകളുമായി അവിടെ രാത്രി 11 മണിയായിട്ടും പോകാതെ നിൽക്കുന്നത് അംഗീകരിക്കാൻ കഴിയില്ലാ. ഇനിയും ഇങ്ങനെ ഒരു സംഭവം ആവർത്തിക്കുവാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല. വൈകിട്ട് 6.30 ന് ശേഷം ഇങ്ങനെയുള്ള കൂടിക്കാഴ്ച അനുവദിക്കുകയില്ല.

സമുദായത്തിന് എതിരെയുള്ള കേസുകളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. സമുദായ മെത്രാപ്പോലീത്തയുടെ സസ്പെൻഷനുമായി ബന്ധപ്പെട്ട ജില്ലാ കോടതിയിലെ അപ്പീൽ വാദം ഈ ലേഖനം തയ്യാറാക്കുന്ന സമയത്തും അവസാനിച്ചിട്ടില്ല. ഈ മാസം ഈ കാര്യത്തിൽ തീർപ്പ് ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

റാന്നിയിലുള്ള സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിന്റെ ഒരു ഭവനം പൂർത്തീകരിച്ചു. അടുത്ത ഒരു ഭവനത്തിന് അമേരിക്കയിലെ ഹാഡ്ഫോർഡ് ദൈവാലയം 10 ലക്ഷം രൂപാ ഉടൻ തന്നെ തരാമെന്ന് വികാരി ബഹു മർക്കോസ് ചാലുപറമ്പിൽ അച്ചൻ സമ്മതിച്ചിട്ടുണ്ട്. ആ ദൈവാലയത്തിലെ ഇടവക അംഗങ്ങളോടും പള്ളികമ്മറ്റിക്കാരോടും ഉള്ള ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഇത് ഒരു മാതൃകയാക്കി വിദേശത്ത് ഉള്ള ദൈവാലയങ്ങളും ജനങ്ങളും ഭവനരഹിതരായ ക്നാനായ സമുദായ ആളുകൾക്കുവേണ്ടി നിർമ്മിക്കുന്ന ഈ സംരംഭത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിസന്ധിഘട്ടങ്ങളിൽ സമുദായത്തിനുവേണ്ടി പ്രാർത്ഥിക്കണമേ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.


എന്ന്

ക്നാനായ കമ്മറ്റിക്കുവേണ്ടി
**റ്റി.ഒ. ഏബ്രഹാം, തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# Media Cell അറിയിപ്പ്

ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽ ഔദ്യോഗികമായി നടക്കുന്ന പെരുന്നാൾ ഉൾപ്പെടെയുള്ള എല്ലാ ചടങ്ങുകളുടെയും ലൈവ് സ്ട്രീമിംഗ് ആവശ്യമുണ്ടെങ്കിൽ, ക്നാനായ സമുദായത്തിന്റെ ഔദ്യോഗിക ചാനലായ MSKS-ൽ കൂടി ലൈവ് സംപ്രേഷണം ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി സമുദായത്തിന്റെ മീഡിയ സെൽ ചാർജ് വഹിക്കുന്ന ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിലിനെ ബന്ധപ്പെടുക. Ph: 91 94960 71311

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി



# കുട്ടികളും ഡിജിറ്റൽ ലോകവും

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി

ആധുനിക ലോകത്തിൽ ഒരു സാധാരണ വ്യക്തി ദിവസവും ആറു മണിക്കൂറിലേറെ ഏതെങ്കിലും ഒരു ഡിജിറ്റൽ ഉപകരണം ഉപയോഗിക്കുന്നുണ്ട്. കൈയിലും മേശപ്പുറത്തും ഇരിക്കുന്ന അവയുടെ സ്ക്രീനിന്റെ തിളക്കം നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞു. ഈ രംഗം ഒന്നു സങ്കല്പിച്ചു നോക്കു.അഞ്ചു വയസ്സു തികയാത്ത ഒരു കുട്ടി ഒരു ടാബ്ലറ്റ് കയ്യിൽ പിടിച്ചുകൊണ്ട് ഗെയിം, ചിത്രങ്ങൾ, വീഡിയോ എന്നിവ അനായാസം സ്ക്രീനിൽ പരതുമ്പോൾ അവരുടെ മുത്തശ്ശി-മുത്തശ്ശന്മാർ ആശ്ചര്യത്തോടെ നോക്കി അവരുടെ കുട്ടിക്കാലത്തെക്കുറിച്ച് ഓർമ്മിക്കും. അന്നത്തെ ഉയർന്ന സാങ്കേതിക നിലവാരമുള്ള ഒരു ഉപകരണം വിരലുപയോഗിച്ച് നമ്പർ കറക്കി മറ്റൊരാളെ വിളിക്കുന്ന ടെലിഫോൺ ആയിരുന്നു. സാങ്കേതിക വിദ്യയിലുള്ള ഈ വലിയ അന്തരം മനുഷ്യബുദ്ധിയുടെയും പരിശ്രമത്തിന്റെയും ഫലമായ അവിശ്വസനീയമായ പുരോഗതിയാണ് കാണിക്കുന്നത്. അതോടൊപ്പം ഈ മാറ്റം കൊണ്ടു വന്ന നേട്ടങ്ങളും അതിൽ തെളിഞ്ഞിരിക്കുന്ന അപകടങ്ങളും മനസ്സിലാക്കേണ്ടതിന്റെ ആവശ്യവും ഊന്നിപ്പറയേണ്ടിയിരിക്കുന്നു. ക്രിസ്തീയ മാതാപിതാക്കൾ പ്രത്യേകിച്ചും ഈ രണ്ടു വരവും തിരിച്ചറിയുകയും കുട്ടികളോടൊപ്പം സാങ്കേതിക പ്രയാണത്തിൽ ഏർപ്പെട്ടുകൊണ്ട് അവരെ ശരിയായ വഴിയിലൂടെ നടത്തുകയും സംരക്ഷിക്കുകയും വേണം. മാതാപിതാക്കന്മാർക്ക് മുഴുവൻ കുടുംബത്തിന്റെയും സന്തുലിതവും സുരക്ഷിതവുമായ ഡിജിറ്റൽ അന്തരീക്ഷം പരിപോഷിപ്പിക്കുവാൻ പിന്തുണ നൽകാം. "ബുദ്ധിമാന്റെ ഹൃദയം പരിജ്ഞാനം സമ്പാദിക്കുന്നു; ജ്ഞാനികളുടെ ചെവി പരിജ്ഞാന അന്വേഷിക്കുന്നു" (സദൃ.18:15).

ആദ്യമായി ഡിജിറ്റൽ സ്ക്രീൻ നൽകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് നോക്കാം. എളുപ്പത്തിലുള്ള വിദ്യാഭ്യാസം, ശബ്ദ, ദൃശ്യ, അക്ഷരവഴിയിലൂടെ അതിവേഗത്തിൽ പരസ്പര ബന്ധം, വിനോദം, ക്രിയാത്മകശേഷിയുടെ വർദ്ധന, കാര്യക്ഷമത എന്നിങ്ങനെ പലതും അതിൽ ഉൾപ്പെടുന്നു. ഇതിൽ ഓരോ വിഷയവും ആഴമേറിയതും സങ്കീർണ്ണവും ആണ്. അതിൽ ഒന്നും ഇവിടെ ഒരു പേജിൽ ഒതുക്കാവുന്നതല്ല. സ്ക്കൂൾ പ്രോജക്ട് ചെയ്യാനും സോഷ്യൽ മീഡിയയിലെ പോസ്റ്റുകൾ കാണാനും നമ്മുടെ വക പോസ്റ്റ് ചെയ്യാനും ബാങ്കിംഗ് ഇടപാടുകൾ വീട്ടിലിരുന്നു നടത്താനും ഷോപ്പിംഗ് ഓൺലൈൻ ആയി ചെയ്യാനും എന്നിങ്ങനെ പലതിനും ദൈനംദിന ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമായി ഡിജിറ്റൽ ആപ്പുകൾ മാറിക്കഴിഞ്ഞു.

ഡിജിറ്റൽ മീഡിയയുടെ എല്ലാ നല്ല വശങ്ങളും നമ്മൾ ഉപയോഗിക്കുമ്പോൾ ജാഗ്രത പുലർത്തേണ്ട ചില കാര്യങ്ങൾ കൂടി അറിഞ്ഞിരിക്കണം. 1 പത്രോസ് 5:8ലെ മുന്നറിയിപ്പ് ശ്രദ്ധിക്കുക. "ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു. ഇന്നു പലരും ഓൺ ലൈൻ ഇടപാടുകൾ നടത്തുന്നതിനാൽ കയ്യിൽ പണം സൂക്ഷിക്കുന്നില്ല. അതിനാൽ കുറ്റവാളികൾ നിഷ്കളങ്കരായ ഇരകളെ സൈബർ ലോകത്ത് തിരഞ്ഞു കൊണ്ടിരിക്കുന്നു. ഹാക്കിംഗ്, ഫിഷിംഗ്, ബുള്ളിയിംഗ് എന്നിവ ഗുരുതരമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നു. വളരെ ചെറുപ്രായത്തിലെ കുട്ടികളെ സൈബർ ലോകത്തുള്ള തട്ടിപ്പുകളെക്കുറിച്ച് ബോധവാന്മാരാക്കണം. സ്വയം രക്ഷ തേടാനുള്ള അറിവ് പകർന്നു കൊടുക്കണം. ഡിജിറ്റൽ ലോകത്തിലെ വേറെ ഒരു വിപത്താണ് കുട്ടികളും മുതിർന്നവരും നേരിടുന്ന മാനസികാഘാതങ്ങളും അമിത ഉപയോഗം ഉണ്ടാക്കുന്ന ആസക്തിയും. പരിമിതമായി മാത്രം സോഷ്യൽ മീഡിയയിൽ വ്യക്തിവിവരങ്ങൾ പങ്കു വയ്ക്കാൻ കുട്ടികളെ പഠിപ്പിക്കണം. കാരണം അപകടകാരികളായവരുടെ കൈയിൽ അവ എത്തിയാൽ ധനം, മാനം, ജീവിതം എന്നിവ നഷ്ടപ്പെട്ടേക്കാം. ഡിജിറ്റൽ ലോകത്ത് നമ്മുടെ സാന്നിദ്ധ്യം എത്രമാത്രം ഉണ്ടെന്നുള്ള ബോധം നമുക്ക് ഉണ്ടായിരിക്കണം. എങ്കിലേ ആധുനിക സാങ്കേതിക വിദ്യയുടെ ഗുണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം നമുക്കും നമ്മുടെ കുടുംബത്തിനും സുരക്ഷിതരായിരിക്കുവാൻ കഴിയുകയുള്ളു.

തിരുവചനത്തിൽ നിന്ന് നമുക്കും നമ്മുടെ കുട്ടികൾക്കും പേരക്കുട്ടികൾക്കും സഹായകമായ ചില ശാസനകൾ ശ്രദ്ധിക്കാം.

**1. അതിരുകൾ വയ്ക്കുക:** "ആകയാൽ സൂക്ഷ്മതയോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ. ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിന് ഉപയോഗിച്ചുകൊള്ളുവിൻ" (എഫെ.5:15-16). കുട്ടികൾ ഡിജിറ്റൽ സ്ക്രീനിൽ ചെലവഴിക്കുന്ന സമയം ഒരു ടൈമർ ഉപയോഗിച്ചു നിങ്ങൾ പരിമിതപ്പെടുത്തുക. അതിലൂടെ സ്ക്രീനിൽ ചെലവഴിക്കുന്ന സമയം എത്രയെന്ന് അറിയാം. നിശ്ചയിച്ച സമയത്ത് അവർ ഉപകരണം മടക്കിത്തന്നാൽ അഭിനന്ദിക്കുക. കുട്ടികളുടെ മറ്റു കഴിവുകൾ കണ്ടെത്തി പുറത്തുള്ള കളികളിലോ മറ്റു ഇഷ്ടവിനോദങ്ങളിലോ ഏർപ്പെടുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. അങ്ങനെ സ്ക്രീൻ സമയം കുറയ്ക്കുവാൻ ശീലിപ്പിക്കുക.

**2. നിരീക്ഷണവും മേൽനോട്ടവും:** "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" (സദൃ.22:6). ഡിജിറ്റൽ ലോകത്ത് നിങ്ങൾ ഒരു പടി മുകളിൽ എത്തിയാലേ കുട്ടികളെ മനസ്സിലാക്കുവാനും നിരീക്ഷിക്കുവാനും കഴിയുകയുള്ളൂ. സാങ്കേതിക വിദ്യയുടെ മാറ്റങ്ങൾ മനസ്സിലാക്കുക. ഇന്ന് പല ഡിജിറ്റൽ ഉപകരണങ്ങളിലും കാണുന്ന പേരന്റൽ കൺട്രോൾ ആപ്പ്, മോണിറ്ററിംഗ് ആപ് എന്നിവ ഉപയോഗിക്കാൻ പഠിക്കുക. കുട്ടികൾ ഓൺലൈനിൽ ആയിരിക്കുമ്പോൾ നിങ്ങളുടെ ശ്രദ്ധ അതിൽ ഉണ്ടായിരിക്കണം.

**3. ഓൺലൈനിൽ സുരക്ഷിതരായിരിക്കുവാൻ അഭ്യസിപ്പിക്കുക:** "ബാലൻ തന്റെ നടപ്പിനെ നിർ മ്മലമാക്കുന്നത്



എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ"(സങ്കീ.119:9). നമ്മുടെ കുട്ടികളെ സുരക്ഷിതമായ ഓൺലൈൻ ശീലങ്ങൾ പഠിപ്പിക്കണം. വളരെ സ്വകാര്യമായ സംഭാഷണങ്ങളിൽ ഏർപ്പെടുന്നതും വ്യക്തിപരമായ വിവരങ്ങളോ സ്വന്തം ചിത്രങ്ങളോ പങ്കുവയ്ക്കുന്നതും അപകടമാണെന്ന് ബോധ്യപ്പെടുത്തണം. അവരെ ആരെങ്കിലും തെറ്റായ കാര്യത്തിന് പ്രേരിപ്പിക്കുകയോ ശല്യപ്പെടുത്തുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ മാതാപിതാക്കളെയോ ഉത്തരവാദിത്വമുള്ള മുതിർന്നവരെയോ ഉടനെ അറിയിക്കുവാനുള്ള മാർഗ്ഗങ്ങൾ കുട്ടികൾ അറിഞ്ഞിരിക്കണം. ഒരിക്കലും അരക്ഷിതബോധത്തിൽ ഒതുങ്ങിക്കൂടുകയല്ല, ആത്മവിശ്വാസം നേടുകയാണ് വേണ്ടതെന്ന് പറഞ്ഞു മനസ്സിലാക്കണം. അരക്ഷിത ബോധത്തിലാണ്ട കുട്ടികൾ മറ്റുള്ളവരുടെ പ്രലോഭനങ്ങളിൽ വീണുപോകും.

മുത്തശ്ശി-മുത്തശ്ശന്മാരോട് ഒരു വാക്ക്: "വൃദ്ധന്മാരുടെ പക്കൽ ജ്ഞാനവും വയോധികന്മാരിൽ വിവേകവും ഉണ്ട്" (ഇയ്യോബ് 12:12). നിങ്ങളുടെ കൈവശം ഒരു ഡിജിറ്റൽ ഡിവൈസ് ഉണ്ടെങ്കിൽ പേരക്കുട്ടികൾ അതെടുത്ത് നിങ്ങളേക്കാൾ എളുപ്പത്തിൽ ഉപയോഗിക്കും. നിങ്ങളും കഴിയുന്നത്ര ഡിജിറ്റൽ കമാൻഡുകളും പല ആപ്പുകളും ഉപയോഗിക്കാൻ അറിഞ്ഞിരിക്കണം. കുട്ടികളോട് ചോദിച്ചു പഠിക്കാൻ മടിക്കേണ്ട. മാതാപിതാക്കൾ വയ്ക്കുന്ന നിയന്ത്രണങ്ങളെ മറികടക്കാൻ അവർ നിങ്ങളെ സമീപിച്ചേക്കാം. പക്ഷേ നിങ്ങൾ അതിന് വഴങ്ങുകയല്ല. മാതാപിതാക്കളുടെ നിർദ്ദേശങ്ങൾ പാലിക്കാൻ കൊച്ചു മക്കളെ ഉപദേശിക്കുകയാണ് വേണ്ടത്. അവരൊടൊപ്പം ചെലവിടാൻ നിങ്ങൾക്ക് ധാരാളം സമയം കിട്ടും. അപ്പോൾ നിങ്ങളുടെ ദീർഘകാല ത്തെ അനുഭവ സമ്പത്തും നേടിയ ജ്ഞാനവും അവരുമായി പങ്കുവയ്ക്കണം. അവരുടെ ഓൺലൈൻ ലോകത്ത് ആവശ്യമായ ഉപദേശങ്ങൾ കൊടുക്കുവാൻ മറക്കരുത്.

ഉപസംഹാരം: ഡിജിറ്റൽ ലോകത്തിന്റെ തിളക്കം നമുക്ക് അവഗണിക്കാവുന്നതല്ല. അതിനാൽ അത് ഉപയോഗിക്കുമ്പോൾ വേദപുസ്തക ജ്ഞാനത്തിന് ഊന്നൽ കൊടുത്തുകൊണ്ട് അതിരുകൾ വെക്കുകയും അറിവ് സമ്പാദിക്കുകയും, സുരക്ഷിതമായ ഉപയോഗം ശീലമാക്കുകയും വേണം. അപ്പോൾ നേട്ടങ്ങൾ കൈവരിക്കാം. അപകടങ്ങളിൽനിന്നും രക്ഷപെടാം. അതിനു വേണ്ട ജ്ഞാനവും വിവേചന ബുദ്ധിയും ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കാം. ആധുനിക ലോകത്തിലെ സാങ്കേതിക പുരോഗതിയുടെ ഇടയിൽ ദൈവം നമ്മളെ നീതി പാതകളിൽ നടത്തുമാറാകട്ടെ.

### *മെത്രാപ്പോലീത്തായുടെ സന്ദേശം*

*(പേജ് 5 തുടർച്ച)*

ഹികളുടെ എല്ലാ പ്രവർത്തനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ ഭാരവാഹികൾക്ക് നന്മയുടെ വെളിച്ചമായി കൂടുതൽ പ്രശോഭിക്കുവാൻ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ച് എല്ലാ ആശംസകളും നേരുന്നു.

നമ്മുടെ ജീവിതം ഓരോ നിമിഷവും വളരെ വേഗത്തിൽ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നുവല്ലോ. നമ്മുടെ പ്രവർത്തനങ്ങൾക്കെല്ലാം ദൈവമുമ്പാകെ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്നത് യാഥാർത്ഥ്യമാണ്. നമ്മുടെ ജീവിതത്തെ ദൈവം എങ്ങനെ നോക്കികാണുന്നു എന്നത് ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവഹിതത്തിനനുസരിച്ചുള്ള ജീവിതം നാം നയിക്കേണ്ടിയിരിക്കുന്നു. ഈ വർഷത്തെ നോമ്പുകാലത്തിൽ നമ്മെ പുനർവിചിന്തത്തിനു വിധേയമാക്കാനും, ദൈവത്തിന്റെ ഹിതാനുസരണം ജീവിക്കാനും നമ്മെ ഒരുക്കാം.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**മോർ സേവേറിയോസ് കുറിയാക്കോസ്**
**ക്നാനായ സമുദായ മെത്രാപ്പോലീത്ത**

## നോട്ടീസ്

**വിദേശങ്ങളിലുള്ള ദൈവാലയങ്ങളിൽ നിന്നും വർഷങ്ങളായി സമുദായത്തിൽ അടക്കാതെ കിടക്കുന്ന ആണ്ടുവരി ഉൾപ്പെടെയുള്ള കുടിശിഖ വൺ റ്റയിം സെറ്റിൽമെന്റിൽ കൂടി അടച്ച്തീർക്കുന്നതിന് 27-08-2024 തീയതിയിൽ കൂടിയ ക്നാനായ അസ്സോസിയേഷൻ തീരുമാനമെടുത്ത് ക്നാനായ കമ്മറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ക്നാനായ കമ്മറ്റിയുടെ തീരുമാനപ്രകാരം ഇനിയും അടയ്ക്കുവാനുള്ള ദൈവാലയങ്ങൾ 2025 മാർച്ച് 31 നു മുമ്പ് അടക്കുന്നില്ലായെങ്കിൽ ഈ സൗകര്യം പിന്നീട് ലഭിക്കുകയില്ലായെന്ന് വിദേശ ദൈവാലയങ്ങളിലെ പള്ളി ഭാരവാഹികളെ അറിയിക്കുന്നു. ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കുവേണ്ടി**

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

# നാം എഴുന്നേറ്റു പണിയുക (നെഹമ്യാവ് 1:3 – 4)

ഫാ.കെ.ഒ. ജോസഫ്, കുളത്രാമണ്ണിൽ

യെരുശലേമിന്റെ മതിൽ ഇടിഞ്ഞും വാതിൽ തീവച്ചും ചുട്ടു കിടക്കുന്നു എന്ന് നെഹമ്യാവ് അറിഞ്ഞപ്പോൾ കണ്ണീരോടെ ഉപവസിച്ചു പ്രാർത്ഥിച്ചു. സ്വന്തം ദേശത്തിന്റെ പ്രശ്നം തന്റെ പ്രശ്നമായി മാറി. അഭിപ്രായ വ്യത്യാസങ്ങളെയും എതിർപ്പുകളെയും വകവയ്ക്കാതെ ഒറ്റക്കെട്ടായി പ്രവർത്തിച്ചപ്പോൾ ഇടിഞ്ഞു കിടന്ന മതിൽ 52 ദിവസങ്ങൾ കൊണ്ട് പൂർത്തിയാക്കി. ദൈവാനുഗ്രഹം ലഭിക്കണമെങ്കിൽ ഒത്തൊരുമയോടെ കൈകോർത്താൽ തീരാവുന്ന പ്രശ്നമേ ഇന്നുള്ളു. ഒന്നിച്ചിരുന്ന് സംസാരിക്കാനുള്ള അവസരം ചിലർ ഇല്ലാതാക്കുന്നു. മഹാത്മഗാന്ധിജി ഇപ്രകാരം പറയുകയുണ്ടായി പരസ്പരം കലഹിക്കാതെ തമ്മിൽ തമ്മിൽ സംസാരിക്കണം. പരസ്പരം സംസാരിച്ചെങ്കിലെ പ്രശ്ന പരിഹാരം ഉണ്ടാകുകയുള്ളു. പരസ്പരം സംസാരിക്കാനുള്ള അവസരം ചിലർ മന:പൂർവ്വം ഇല്ലാതാക്കുകയാണ്. അവരുടെ സാമ്പത്തിക നേട്ടവും സ്ഥാനമാനവും സംരക്ഷിക്കണം. കഴിഞ്ഞ കാലഘട്ടത്തിൽ സംരക്ഷണ സമിതിയും സേവാസമിതിയും തമ്മിൽ കേസുകൾ വഴക്കുകളും ഉണ്ടാവുകയും നമ്മുടെ ചുറ്റുവട്ടത്തുള്ള മൂന്നുനാല് പള്ളികൾ പൂട്ടുകയും ചെയ്ത കാര്യം പലർക്കും അറിയാൻ പാടില്ല.

ആത്മീയ പരിജ്ഞാനം ഇല്ലാത്ത ജനം ചാവേറുകളായി മേലാവിനുവേണ്ടി തല്ലു കൊള്ളുകയും വേണ്ടി വന്നാൽ മരിക്കുന്നതിനും തയ്യാറാകും. ഇത് ഉണ്ടാകാതിരിക്കണമെങ്കിൽ പരസ്പരം സംസാരിക്കണം, കൂടി കാണണം. അതിനവസരം ഉണ്ടാകണം. നമ്മുടെ സുവിശേഷ സമാജ ഭാരവാഹികൾ, വൈദികയോഗ ഭാരവാഹികൾ, ഇതിനവസരം ഉണ്ടാക്കണം ഇവരെല്ലാം ഇപ്പോൾ മൗനവ്രതത്തിലാണ്. കാരണം സ്ഥാനമാനങ്ങൾ നഷ്ടപ്പെടുത്തുവാൻ ആരും തയ്യാറാകത്തില്ല. കാതോലികവും ശ്ലൈഹീകവുമായ ക്രൈസ്തവ കൂട്ടായ്മയിലെ ഭാഗമാണ് നാമെന്നു ചിന്തിക്കണം. ലോകമൊക്കെയും പോയി സർവ്വ സൃഷ്ടികളോടും സുവിശേഷം അറിയിച്ച് അവരെ ശിഷ്യരാക്കിക്കൊള്ളുവിൻ എന്നാണ് കർത്താവ് പറഞ്ഞിരിക്കുന്നത്. ഈ സന്ദേശത്തിന് നമ്മുടെ സഭ നേതൃത്വം എന്ത് വിലയാണ് കൊടുത്തിരിക്കുന്നത്? നാം ക്രിസ്തുവിന്റെ സ്നേഹവും കരുതലും സമ സൃഷ്ടികളോട് കാണിക്കാറുണ്ടോ? ഈ അടുത്തകാലത്ത് ഉണ്ടായ പ്രകൃതി ദുരന്തത്തിൽ വിറങ്ങലിച്ച വയനാട്ടിലെ ജനങ്ങൾക്ക് സഹായഹസ്തവുമായി എല്ലാ ക്രൈസ്തവ വിഭാഗങ്ങളും അവിടെ എത്തിച്ചേർന്ന കാര്യം മീഡിയയിലൂടെ നാം അറിഞ്ഞതാണല്ലോ? ഇതര ക്രൈസ്തവ സഭകളുടെ നേതൃത്വം അവിടെ എന്തൊക്കെ ചെയ്തു എന്ന് ഒരു അന്വേഷണം നടത്തുന്ന നല്ല കാര്യമാണ്. ഇതുപോലെ മണിപ്പൂരിൽ കലാപം ഉണ്ടായപ്പോഴും ക്രൈസ്തവ സഭകൾ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ എത്തി അവർക്ക് വേണ്ട സഹായങ്ങൾ എത്തിച്ചുകൊടുത്തു. കേരളത്തിലെ സഭകൾ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ പുനരധിവസിപ്പിക്കുകയും ഇവിടെ കൊണ്ടുവന്ന് തുടർവിദ്യാഭ്യാസത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തു കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കണമെങ്കിൽ ഒന്നിച്ച് പ്രവർത്തിച്ചാലെ സാധ്യമാകൂ. അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിച്ചാലേ പ്രശ്ന പരിഹാരമുണ്ടാക്കാൻ സാധിക്കത്തുള്ളു. അതിനു കൂടുതൽ സംസാരവും കൂടികാണലും അത്യാവശ്യമാണ്. അതിന് അവസരം ഉണ്ടാകണം. നാം ഉണർന്ന് പ്രവർത്തിച്ചില്ലെങ്കിൽ ഈ ചെറിയ കൂട്ടം തമ്മിൽ തല്ലി നശിക്കും. നെഹമ്യാവിന്റെ ആപ്ത വാക്യം വ്യത്യാസങ്ങളേയും എതിർപ്പുകളെയും ഒട്ടും വകവയ്ക്കാതെ ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിച്ചപ്പോൾ മതിൽ പണി 52 ദിവസം കൊണ്ട് പൂർത്തിയായി. നമുക്കൊരുമയോടെ കൈകോർക്കാം സമാധാനം സംജാതം ആകാൻ പ്രാർത്ഥിക്കാം, ദൈവം അനുഗ്രഹിക്കട്ടെ.



# ക്നാനായ കോൺഗ്രസ് കേന്ദ്രഭാരവാഹികൾ




**2025 നോമ്പ്**

| | |
|---|---|
| വലിയ നോമ്പാരംഭം | മാർച്ച് 03 |
| പകുതി നോമ്പ് | മാർച്ച് 26 |
| നാൽപതാം വെള്ളി | ഏപ്രിൽ 11 |
| ഊശാന | ഏപ്രിൽ 13 |
| പെസഹ | ഏപ്രിൽ 17 |
| ദുഃഖ വെള്ളി | ഏപ്രിൽ 18 |
| ഈസ്റ്റർ | ഏപ്രിൽ 20 |
| സ്വർഗാരോഹണം | മെയ് 29 |
| പെന്തിക്കോസ്തി | ജൂൺ 08 |



ക്നാനായ സമുദായ ദിനവും സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന്റെ 21–ാം വാർഷികവും ഏകോപിച്ചു നടത്തിയ സമ്മേളനം സമുദായ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. സമുദായ സെക്രട്ടറി റ്റി. ഓ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറാൾ ഫാ. വി.എ. ഏബ്രഹാം ഇളയശേരിൽ, ക്നാനായ ദീപം മനേജിങ്ങ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം, സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, വൈദീക ട്രസ്റ്റി ഫാ. എം.സി. സഖറിയ മധുരംകോട്ട്, ക്നാനായ കമ്മറ്റി അംഗങ്ങളായ തോമസ്കുട്ടി തേവരുമുറിയിൽ, രെഞ്ചു കോഴിമറ്റം, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, റ്റിജു തോട്ടുപുറത്ത്, ഭദ്രാസന സെക്രട്ടറി ഫാ. നോബിൻ ഇളകുറ്റൂർ, എൽസി രാജു, മഞ്ജു ഏബ്രഹാം എന്നിവർ സമീപം.



ക്നാനായ സമുദായ ദിനവും സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ മെത്രാഭിഷേകത്തിന്റെ 21–ാം വാർഷികവും ഏകോപിപ്പിച്ചു ഭവനരഹിതരായ ആളുകൾക്ക് വേണ്ടി നിർമ്മിക്കുന്ന 'എഴില്ലം' ഭവന നിർമ്മാണ പദ്ധതിയുടെ ഒന്നാം ഘട്ടം ഉദ്ഘാടനം അഭി. മോർ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു, ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ, മാർ ഔഗേൻ കുര്യാക്കോസ് മെത്രാപ്പോലീത്ത, കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, ക്നാനായ സമുദായ സെക്രട്ടറി ടി. ഓ. ഏബ്രഹാം തോട്ടത്തിൽ, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, റ്റിജു തോട്ടുപുറത്ത്, രെഞ്ചു കോഴിമറ്റം, തോമസ്കുട്ടി തേവരുമുറിയിൽ എന്നിവർ സമീപം



ക്നാനായ സമുദായ ദിനവും സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ മെത്രാഭിഷേകത്തിന്റെ 21–ാം വാർഷികവുമായി ബന്ധപ്പെട്ട് ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാർക്കും രാഷ്ട്രീയ സമുദായിക പ്രമുഖൻമാർക്കും നൽകിയ വിരുന്നു സൽക്കാരത്തിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് കേക്ക് മുറിച്ച് മധുരം പങ്കുവയ്ക്കുന്നു. അഭി. മാർ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത, കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത, കൽദായ സഭ അധ്യക്ഷൻ മോർ ഔഗേൻ കുറിയാക്കോസ് മെത്രാപ്പോലീത്ത, ഫ്രാൻസിസ് ജോർജ് M P, തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA, അഡ്വ. ജോബ് മൈക്കിൾ MLA, മുൻ MLA രാജു എബ്രഹാം, മുൻ MP തോമസ് ചാഴികാടൻ, മുൻ MLA സ്റ്റീഫൻ ജോർജ്, മാർത്തോമ്മാ സഭാ ട്രസ്റ്റി അഡ്വ. അൻസിൽ കോമട്ട്, ക്നാനായ സമുദായ സെക്രട്ടറി ടി. ഓ ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറാൾ ഫാ. വി.എ. ഏബ്രാഹാം ഇളയശേരിൽ, വൈദീക ട്രസ്റ്റി ഫാ. എം.സി സഖറിയ മധുരംകോട്ട്, ക്നാനായ കമ്മറ്റി അംഗങ്ങളായ തോമസ്കുട്ടി തേവരുമുറിയിൽ, രെഞ്ചു കോഴിമറ്റം, സജി താന്നിക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു വരാത്ര, റ്റിജു തോട്ടുപുറത്ത്, ഭദ്രാസന സെക്രട്ടറി ഫാ. നോബിൻ ഇളകുറ്റൂർ, ഫാ. മെറ്റോ ജേക്കബ് വെട്ടിപ്പറമ്പിൽ എന്നിവർ

# വിവാഹിതരായി




മാമ്പുഴക്കരി സെന്റ് ജോർജ് ക്നാനായ പള്ളി ഇടവകയിൽപ്പെട്ട കിഴക്കേത്തലയ്ക്കൽ സാജൻ ഏബ്രഹാമിന്റെയും ആലീസ്കുട്ടി സാജന്റെയും മകൻ **സജിത്ത് സാജൻ ഏബ്രഹാമും** കുറ്റൂർ സെന്റ് മേരീസ് ജറുസേലം പള്ളി ഇടവകയിൽപ്പെട്ട കല്ലുമലയിൽ എം.എം. ഏബ്രഹാമിന്റെയും കൊച്ചുമോൾ ഏബ്രഹാമിന്റെയും മകൾ **അഞ്ജു കെ. ഏബ്രഹാമും** തമ്മിലുള്ള വിവാഹം 2025 ജനുവരി 18–ാം തീയതി ശനിയാഴ്ച അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

Advt - O




Advt -O


40th Wedding Anniversary
03/02/2025
Babu Mathew
&
Somini Babu
Kunnathil (Maliyil)
Chengalam, Chennai
With Love & Prayers from
Jebin & Asha
Laura, Ciara,
Veyron & Emira Maria Jebin,
Boby & Reshma,
Dan Joseph Boby
"Mathews Family"
ഞങ്ങൾ ഇതുവരെ എത്തുവാൻ നീ മാത്രം എൻ യേശുവേ
ഞങ്ങളുടെ കഴിവല്ല നിൻ കൃപയാണ്
Advt - O


60th Wedding Anniversary
22-02-2025
Er. K.K. Thomas
&
Dr. Mariamma Thomas
Kallamparampil
Mannamaruthy
Ranni
ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, പേരക്കുട്ടികൾ
Advt - O

# പരീക്ഷക്ക് ഒരുങ്ങാം, തികഞ്ഞ ആത്മവിശ്വാസത്തോടെ!



സുനിൽ ഡി. കുരുവിള

**If** you don't sacrifice for what you want, what you want becomes the sacrifice."

പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ പ്രിയ വിദ്യാർത്ഥികൾക്കും ആശംസകൾ! പരീക്ഷ ഏറെക്കുറെ എല്ലാവർക്കും തുല്യ അവസരങ്ങൾ ആണ് നൽകുന്നത്. എന്നാൽ അതിനോട് നമ്മൾ എങ്ങനെ പ്രതികരിക്കുന്നു എന്നുള്ളതാണ് അതിന്റെ result നെ വ്യത്യസ്ഥമാക്കുന്നത്. ചിലർ പരീക്ഷയെ നെഗറ്റീവ് ആയി കാണുന്നു. "എന്തിനാണ് ഈ പരീക്ഷ?" "ഇതൊരു ശല്യമാണല്ലോ"!

അവരുടെ സ്ഥിരം അലസതയ്ക്കും ശീലങ്ങൾക്കും വിനോദങ്ങൾക്കും ഒക്കെ പരീക്ഷ തടസ്സമാണെന്നു മനസ്സിലാക്കുന്നു!

ചിലർ പരീക്ഷയെ പേടിക്കുന്നു. വലിയ ആകുലതയും ടെൻഷനുമൊക്കെ ആയി അതിനെ സമീപിക്കുന്നു. സമാധാനം നഷ്ടപ്പെടുന്നു! എന്നാൽ മറ്റു ചിലർ പരീക്ഷയ്ക്കായി കാത്തിരിക്കുന്നു! അവർ systematic ആയി പഠിക്കുന്നവരാണ്. അവർക്കു അവരെ test ചെയ്യാൻ- improve ചെയ്യാനുള്ള വലിയ അവസരമായി പരീക്ഷയെ കാണുന്നു! എല്ലാവരും equal ആയ ഒരു ക്ലാസ്സിൽ അല്ലെങ്കിൽ സമൂഹത്തിൽ അവർ Performance കൊണ്ട് വ്യത്യസ്തരാകാനും വലിയ നേട്ടങ്ങൾ സ്വന്തമാക്കാനും ആഗ്രഹിക്കുന്നു! ചെറിയ ക്ലാസ്സ് മുതലേ systematic ആയി പഠിക്കുകയും Perform ചെയ്യുകയും ഒക്കെ ചെയ്യുന്നവർക്കാണ് ഭാവിയിൽ വലിയ അവസരങ്ങൾ ലഭിക്കുക. ഇവരെ നല്ല 'track record' ഉള്ളവർ എന്നാണ് കോർപ്പറേറ്റ് തൊഴിൽ രംഗത്തൊക്കെ ഇത്തരക്കാരെ അടയാളപ്പെടുത്തുക. താൽക്കാലിക സുഖങ്ങൾക്കും ആനന്ദങ്ങൾക്കും അലസതക്കും ആസക്തിക്കും അടിമപ്പെടുമ്പോൾ നമ്മൾ നഷ്ടപ്പെടുത്തുന്നത് വലിയ ഒരു ഭാവിയും അവസരങ്ങളും സാധ്യതകളും ആണ് എന്ന് മറക്കരുത്. പരീക്ഷ വലിയ ഒരു സാധ്യതയാണ് - അവസരമാണ്.

നല്ല ഒരു വിദ്യാർത്ഥിക്ക് പരീക്ഷ കൂടുതൽ ശുഷ്കാന്തിയോടെ പഠിക്കാനുള്ള പ്രേരണയാണ് ഉണ്ടാക്കുക. അതൊരു ആവേശവും സന്തോഷവും അവരിൽ നിറക്കുകയും ചെയ്യും!.

പരീക്ഷ ഒരു അറിവിന്റെ വിലയിരുത്തൽ മാത്രമല്ല, ഒരുപാടു നൈപുണ്യങ്ങൾ നേടാനുള്ള ഒരു വേദികൂടിയാണ്. പുതിയ കാലത്ത് അറിവിനേക്കാൾ തൊഴിൽ രംഗത്ത് നൈപുണ്യങ്ങൾക്കാണ് ഡിമാന്റ്. പരീക്ഷ നൈപുണ്യങ്ങളുടെ കലവറകൂടിയാണ്. ഓരോ വിഷയവും മനസ്സിലാക്കാനും വിശകലനം ചെയ്യാനുള്ള കഴിവ്, അപഗ്രഥിക്കാനും അതിന്റെ പ്രായോഗികത (application) തിരിച്ചറിയാനുള്ള കഴിവ്, ആസൂത്രണം ചെയ്യുക, നന്നായി എഴുതുക, ക്രിയാത്മകമായി ചിന്തിക്കുക, സമയം മാനേജ് ചെയ്യുക. ഉത്തരത്തെ organise ചെയ്യുക, പ്രശ്നം പരിഹരിക്കുക... ഇങ്ങനെ പല നൈപുണ്യങ്ങളും പരീക്ഷയിലൂടെ നേടാൻ കഴിയും. നമ്മുടെ ആത്മവിശ്വാസവും വൈകാരിക ബുദ്ധിശക്തിയും മാനസിക ആരോഗ്യവും ഒക്കെ ഒരു പരിധിവരെ വിലയിരുത്താൻ പരീക്ഷകാലം നമ്മളെ സഹായിക്കും! ബുദ്ധിയുള്ളവർ ഇതെല്ലാം കൃത്യമായി മനസ്സിലാക്കി വ്യക്തിത്വ - നൈപുണ്യവികസനം ഇതിലൂടെ നേടിയെടുക്കും!

പരീക്ഷയെ ആത്മവിശ്വാസത്തോടെയും സന്തോഷത്തോടെയും നേരിടാൻ ശീലിക്കുന്നതിലൂടെ ജീവിതത്തെയും നേരിടാൻ പഠിക്കും. വെല്ലുവിളികളെ ഏറ്റെടുക്കാനും വീഴ്ചകളെ അതിജീവിക്കാനും കരുത്തു നേടും. മികച്ചപഠനം ഭാവി ഉറപ്പാക്കും. പ്രവേശന പരീക്ഷകൾ ഒക്കെ നേരിടാൻ തയ്യാറാക്കും. മികച്ച റിസൾട്ട് ഉന്നതമായ ഉപരിപഠന സാദ്ധ്യതകൾ നൽകും. നല്ലൊരു വിദ്യാർത്ഥിക്ക് നല്ല സ്ഥാപനങ്ങളിൽ ഒക്കെ പഠിക്കാനും നല്ല തൊഴിൽ അവസരങ്ങൾ നേടിയെടുക്കാനും അവസരം ലഭിക്കും.

കൗമാരം ബുദ്ധിപരമായി 'നിക്ഷേപിക്കുന്നവർ' ഉന്നതമായ ലൈഫ് ടൈം achievements നേടും, ഓർക്കാം! സെൽ ഫോണിൽ ഗെയിം കളിച്ചിരുന്നാൽ വലിയ നഷ്ടമായിരിക്കും ഫലം! അറിവും നൈപുണ്യങ്ങളുമാണ് ആധുനിക ലോകത്തെ സാധ്യതകളുടെ കവാടത്തിന്റെ താക്കോൽ! മോഡൽ എക്സാം ഒക്കെ നന്നായി എഴുതാം. വിലയിരുത്താം. എവിടെയൊക്കെയാണ് improve ചെയ്യേണ്ടത്, കണ്ടെത്താം. അദ്ധ്യാപകർ തരുന്ന last minute നിർദ്ദേശങ്ങൾ ഒക്കെ ശ്രദ്ധിക്കാം. ഓരോ വിഷയവും ഒന്ന് വിശകലനം ചെയ്യാം. Syllabus എത്ര, എന്തെല്ലാം പഠിച്ചു, ഇനി എന്തെങ്കിലും ബാക്കിയുണ്ടോ? അറിയാൻ വയ്യാത്ത ഭാഗമുണ്ടോ, ആരുടെയെങ്കിലും help എടുക്കേണ്ടതുണ്ടോ? ഒരു ടൈംടേബിൾ തയ്യാറാക്കാം. Exam ടൈംടേബിൾ കൂടി പരിഗണിച്ചു വേണം അത് തയ്യാറാക്കാൻ. അനാവശ്യ യാത്രകൾ ആഘോഷങ്ങൾ ഒക്കെ കഴിവതും ഒഴിവാക്കാം. പുറത്തുനിന്നുള്ള ആഹാരം കഴിവതും ഉപേക്ഷിക്കാം. നല്ല പോഷകസമൃദ്ധമായ ആഹാരം ശീലിക്കാം. അമിത ആഹാരം വേണ്ട. ധാരാളം വെള്ളം കുടിക്കാനും fruits കഴിക്കാനും ഒക്കെ ശ്രമിക്കാം....

പഠിക്കാൻ നല്ലൊരു atmosphere വളരെ അനിവാര്യമാണ്. Be sincere and honest to your studies. കുളിച്ചു ഫ്രഷ് ആയി പ്രാർത്ഥനയോടെ പഠിക്കാനിരിക്കാം. പഠനസ്ഥലം വൃത്തിയും വെടിപ്പായും സൂക്ഷിക്കാം. നിവർന്നിരിക്കാം. പഠനത്തിനാവശ്യമായ കാര്യങ്ങൾ എല്ലാം പഠിക്കുന്നിടത്തു ക്രമീകരിക്കാം. വേണ്ടാത്ത കാര്യങ്ങൾ എല്ലാം മാറ്റാം.

സുഹൃത്തുക്കളെയും നന്നായി പഠിക്കാൻ പ്രോത്സാഹിപ്പിക്കാം. ദേഷ്യം വിദ്വേഷം അസൂയ ഒന്നുംകൊണ്ട് പഠിക്കാനിക്കരുത്! നല്ല കാറ്റും വെളിച്ചവും ഒക്കെ ഉറപ്പാക്കാം. മനസ്സൊരുക്കാം! സന്തോഷത്തോടെ ഇഷ്ടത്തോടെ പഠിക്കാം. Your ATTITUDE determines your altitude!" പഠിക്കുമ്പോൾ ഉദാഹരണങ്ങൾ മനസ്സിലാക്കുക. പഠിച്ച കാര്യങ്ങൾ എങ്ങനെ - എവിടെ apply ചെയ്യുന്നു എന്ന് മനസ്സിലാക്കുക. വിശകലനം (analyse) ചെയ്തും, കാര്യകാരണങ്ങൾ മനസ്സിലാക്കിയും (reason), ചോദ്യം (question) ചെയ്തുമൊക്കെ വിഷയത്തിന്റെ ഗൗരവമനുസരിച്ച് പഠിക്കാം. ടൈം ടേബിൾ തയ്യാറാക്കി പഠിക്കുന്നത് നല്ലത്. പ്രയാസമുള്ള വിഷയങ്ങൾക്ക് കൂടുതൽ സമയം നൽകാം. ട്യൂഷൻ സെന്ററിൽ അല്ല വീട്ടിൽ ഇരുന്നു പഠിക്കുക. രാത്രികാല ട്യൂഷൻ ഒക്കെ ഒരു സാമൂഹിക ദാരിദ്രത്തിന്റെ ലക്ഷണങ്ങളാണ്. കുട്ടികൾ വീട്ടിൽ ഇരുന്നു തന്നെ പഠിക്കട്ടെ. സത്യസന്ധവും അർപ്പണബോധവും ഉയർന്നുനിൽക്കട്ടെ! "ഇത് എന്റെ ജീവിതവും എന്റെ ഭാവിയും എന്റെ ഉത്തരവാദിത്വവും മാത്രമാണ്" ഓർക്കാം!!!

Meditation, യോഗ, പ്രാർത്ഥന ഒക്കെ concentration വർദ്ധിപ്പിക്കാനും ഓർമ്മശക്തി കൂട്ടാനും മനസ്സ് ലക്ഷ്യത്തിൽ തന്നെ കേന്ദ്രീകരിക്കാനും ഉൽകണ്ഠ കുറക്കാനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും ഒക്കെ സഹായിക്കും. പഠിത്തത്തോടൊപ്പം ഇടയ്ക്കു അല്പം വിശ്രമിക്കാനും ആവശ്യത്തിന് ഉറങ്ങാനും relax ചെയ്യാനും ഒന്നും മറക്കേണ്ട. ശുചിത്വം വളരെ പ്രധാനം. അല്പം വ്യായാമവും ഉത്തമം. ആധുനിക ലോകം result മാത്രമേ വിശ്വസിക്കുകയുള്ളൂ. എല്ലാം ഡിജിറ്റൽ ആയി മാത്രമാണ് വിലയിരുത്തുന്നത്. Performance ആണ് എവിടെയും നിലനിൽക്കാനുള്ള ഒരേയൊരു മാർഗ്ഗം! ചെറിയപ്രായത്തിലെ result നിങ്ങൾക്കുവേണ്ടി സംസാരിക്കട്ടെ. നാളെ ദുഖിക്കരുത്. കഴിവിന്റെ പരമാവധി പരിശ്രമിക്കാം! നല്ല resultനേടാം.

"ശാന്തമായ കടൽ ഒരു ശക്തനായ നാവികനെ സൃഷ്ടിക്കുകയില്ല". കാഠിന്യമുള്ളതിനെ നേരിടാൻ മനസ്സൊരുക്കാം. കടുത്ത മത്സരങ്ങളിലൂടെയാണ് ചാമ്പ്യൻമാർ രൂപപ്പെടുന്നത്. വെറും കളിക്കാരനല്ല. കളിയുടെ ഗതി മാറ്റാൻ കഴിവുള്ളവരാകാം. പഠനത്തിലും sportsman spirit അനിവാര്യമാണ്. ഒരല്പം കൂടുതൽ ജോലി ചെയ്യാൻ- കൂടുതൽ മനസ്സിലാക്കാൻ-കൂടുതൽ മികച്ച ഉത്തരങ്ങൾ കണ്ടെത്താൻ ശ്രമിക്കാം.

മാതാപിതാക്കൾ ശ്രദ്ധിക്കുക: അമിത പ്രതീക്ഷ ഗുണത്തിലേറെ ദോഷം ചെയ്യും. പരീക്ഷ എന്തോ 'യുദ്ധ'മാണെന്നുള്ള രീതിയിൽ പെരുമാറുന്ന സ്കൂളുകൾക്കും അദ്ധ്യാപകർക്കും 'ചികിത്സ' ആവശ്യമാണ്. ചില ട്യൂഷൻ സെന്ററുകൾ മാനസീക പീഡനകേന്ദ്രങ്ങളാണ്. കുട്ടിക്കാലം മുതലേ വിദ്യാർത്ഥികളിൽ ആരോഗ്യപരമായ ജീവിത വീക്ഷണവും, വിദ്യാഭ്യാസ കാഴ്ചപ്പാടും ഉയർന്ന മനോഭാവവും നൽകാം. നല്ല ഭക്ഷണം പാകം ചെയ്യാം. നല്ല പോഷകഗുണമുള്ള ഭക്ഷണം ഈ സമയത്തു കുട്ടികൾക്ക് വളരെ ആവശ്യമാണ്. ധാരാളം വെള്ളം കുട്ടികൾക്ക് ആവശ്യമാണ്, ഓർക്കുക. എല്ലാവരും ഒരുപോലെയല്ല. ഓരോരുത്തരുടെയും കഴിവും ബുദ്ധിയും ഒക്കെ വ്യത്യസ്ഥമാണ്. അതുകൊണ്ടു തന്നെ താരതമ്യം വേണ്ട. ആരോടും മത്സരിക്കുകയും വേണ്ട. ഓരോരുത്തരും അവരവരുടെ കഴിവിന്റെ പരമാവധി പരിശ്രമിക്കുക. സ്ഥിരമായി പരിശ്രമിക്കുന്നവർ ആണ് ചാമ്പ്യന്മാരാകുന്നത്. വീട്ടിൽ മാതാപിതാക്കളുടെ സാന്നിധ്യം കഴിയുന്നത്ര ഉറപ്പാക്കുക. കുട്ടികൾ പഠിക്കുമ്പോൾ TV വെക്കാതിരിക്കുക. നിങ്ങളുടെ സാമീപ്യം 'സമ്മർദ്ദമാകാതെ' നോക്കണം. കുറ്റപ്പെടുത്താതെ പഠിക്കാൻ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അവരെ കേൾക്കാനും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാനും ശ്രമിക്കുക. അമിതമായ പേടി ആശങ്ക ഉണ്ടെങ്കിൽ പരിഹാരം തേടുക. അമിത ഉത്കണ്ഠയുള്ള കുട്ടികൾക്ക് കൗൺസിലിംഗ് ഗുണം ചെയ്യും. ഉറക്കം, വിശ്രമം, അല്പം വിനോദം ഒക്കെ കുട്ടികൾക്ക് ആവശ്യമാണെന്നോർക്കുക. അമിതമായ ട്യൂഷൻ ഗുണം ചെയ്യില്ല. പഠനം-ഗ്രഹിക്കൽ (learning) ആണ് നടക്കേണ്ടത്. കുട്ടികൾ കംബൈൻഡ് സ്റ്റഡി നടത്തുന്നത് നല്ലതാണ്. മുതിർന്നവർ ശ്രദ്ധിക്കണം എന്നു മാത്രം. അവനവന്റെ കുട്ടികളെക്കുറിച്ച് മാതാപിതാക്കൾക്ക് യാഥാർത്ഥ്യബോധം വേണം. Over expectation, താരതമ്യം ഗുണത്തിലേറെ ദോഷം ചെയ്യും. കുട്ടികൾക്ക് പഠിക്കാൻ പാകത്തിന് പോസിറ്റീവ് ആയ പഠനാത്മകമായ അന്തരീക്ഷം വീട്ടിൽ രൂപപ്പെടുത്താൻ എല്ലാവരും ശ്രമിക്കുക. ഒരുമിച്ചു പ്രാർത്ഥിക്കാനും ഭക്ഷണം കഴിക്കാനും സമയം കണ്ടെത്താം. അനാവശ്യ യാത്രകൾ, ആഘോഷങ്ങൾ ഒഴിവാക്കാം. മോഡൽ പരീക്ഷയ്ക്ക് മാർക്കുകുറഞ്ഞാൽ അതിന്റെ കാരണം കണ്ടെത്തി പരിഹരിക്കാൻ ശ്രമിക്കുക. പരീക്ഷ യുദ്ധമല്ല, പരീക്ഷയ്ക്കും മാർക്കിനുമപ്പുറത്തു വിദ്യാഭ്യാസത്തിനു ധാരാളം സാധ്യതകളും ലക്ഷ്യങ്ങളുമുണ്ട്.

നമ്മുടെ മക്കൾ പരീക്ഷയെക്കാളും പ്രധാനമാണ് എന്നോർക്കുക. അവരുടെ ആത്മവിശ്വാസം, അഭിമാനബോധം തകർക്കാതിരിക്കുക. മാതാപിതാക്കളുടെ പൊങ്ങച്ചം കാണിക്കാനും, ആർത്തി സംരക്ഷിക്കാനും ഉള്ള ഉപകരണങ്ങൾ അല്ല കുട്ടികൾ. മാതാപിതാക്കൾ അവരവരുടെ കർമ്മമേഖലകളിൽ ധാരാളം നന്മ ചെയ്യുകയും നല്ല മാതൃക ആയിരിക്കുകയും ചെയ്യുക. എല്ലാവർക്കും സമാധാനവും, ഉയർന്ന നേട്ടങ്ങളുമുള്ള ഒരു പരീക്ഷാകാലം നേരുന്നു.

"Keep your dreams alive. Understand to achieve anything requires faith and belief in yourself, vision, hard work, determination, and dedication. Remember all things are possible for those who believe."

ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ! ആശംസകൾ!!!

*(സുനിൽ കുരുവിള, ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും പ്രമുഖ മാനവശേഷി വികസന പരിശീലകനും, കൗൺസിലറും കരിയർ ഗൈഡുമാണ്. സെൽ ഫോൺ നമ്പർ +91 9656144712, 'Sunil kuruvilla' എന്ന YouTube ചാനലിലും ലഭ്യമാണ്).*

# സാക്ഷ്യം പറയുന്നവർ മൂവർ

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

യേശുവിനെ ദൈവപുത്രൻ എന്നു വിശ്വസിക്കുന്നതിനും സാക്ഷ്യം ആവശ്യമാണ്. അതിൻ പ്രകാരം ദൈവത്തിന്റെ സാക്ഷ്യവും, അതു കൂടാതെ ഭൂമിയിൽ സാക്ഷ്യം പറയുന്ന വർ മൂവരുണ്ട്. അവർ ആത്മാവും, ജലവും, രക്തവും ഇവ മൂന്നിന്റെയും സാക്ഷ്യം ഒന്നുതന്നെ. അത് യേശു ദൈവപു ത്രനും, ദൈവവും ആകുന്നുയെന്നതാണ്. (1.യോഹ. 5:7-10). ഒരു സത്യം തെളിയിക്കുന്നത് സാക്ഷികളുടെ മൊഴിയടി സ്ഥാന പ്രകാരമാണെന്ന പ്രമാണം തന്നെയായിരുന്നു യഹൂ ദന്മാർക്കും. രണ്ടുമൂന്നു സാക്ഷികളുടെ മൊഴിയാൽ സകല കാര്യവും ഉറപ്പാക്കാം (മത്താ.18:16). രണ്ടു മനുഷ്യരുടെ സാക്ഷ്യം സത്യമാകുന്നു. (യോഹ.8:17)

യേശു ദൈവമാണെന്നതിന് പിതാവിന്റെ സാക്ഷ്യം പോലെ ഭൂമിയിൽ ആത്മാവും, ജലവും, രക്തവും നൽകുന്ന സാക്ഷ്യവുമെന്ന് സ്വർഗ്ഗത്തിലും, ഭൂമിയിലും രണ്ട് തരത്തിൽ വിഭാഗിച്ച് രണ്ടുലേഖനമായി തിരിച്ചുള്ള വിശദീകരണ ത്തിന്റെ ഒന്നാം ഭാഗം പിതാവായ ദൈവസാക്ഷ്യത്തെപ്പറ്റി ആദ്യ ലേഖനത്തിലും, പിന്നീട് ഭൂമിയിലെ സാക്ഷ്യവും രണ്ടാം ലേഖനമായിട്ടും വിശകലനം ചെയ്ത് പഠിക്കാം.

ആകാശത്തിലും ഭൂമിയിലും ദേവന്മാരുണ്ടെങ്കിലും, പിതാ വായ ഏക ദൈവവും, യേശു എന്ന ഏക കർത്താവും, നമു ക്കുണ്ട്. അവൻ സകലത്തിനും കാരണവും അവൻ മുഖാ ന്തരം സകലവും ഉളവായി (1.കൊരി. 8:5). ഇതിന്റെ അർത്ഥമോ പിതാവ് തന്റെ സകല പദ്ധതികൾ ആരംഭിക്കു മ്പോഴെല്ലാം തന്റെ പുത്രനായ യേശുവും, പരിശുദ്ധാത്മാവും തന്നോടൊപ്പം ഉണ്ടായിരുന്നു. പിതാവിന്റെ ഓരോപദ്ധതിയും നമുക്കു പരിശോധിക്കാം. അവിടെയെല്ലാം പുത്രന്റെയും, പരി ശുദ്ധാത്മാവിന്റെയും സാക്ഷ്യം നമുക്കു കാണാം.

ആദിയിൽ ദൈവം ആകാശവും, ഭൂമിയും, പർവ്വതങ്ങളും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും എല്ലാം സെറ്റപ്പു ചെയ്ത പ്പോഴും ശിൽപ്പിയായി ഞാനും ഉണ്ടായിരുന്നു. (സദൃ. 8:22). ഇപ്രകാരം ദൈ വം തന്റെ പദ്ധതിയുടെ ആരംഭത്തിൽ എന്നേയും ഉൾപ്പെടുത്തി. Possessed എന്ന പദത്തിനു പകരം ആംഗ്ലിക്കൻ സഭയുടെ ബൈബിളിൽ create എന്ന പദമാണ് പരാവർത്തന പിശകിൽ പ്രസിദ്ധീകരിച്ചത്. അതിനാൽ യേശുവിനെ അപ്പോൾ മാത്രമാണ് സൃഷ്ടിച്ചതെന്ന അർത്ഥ ത്തിൽ ദുരുപദേശം ചിലർ പ്രചരിപ്പിക്കുന്നു എപ്പോൾ പിതാവ് ഉളവായോ അപ്പോഴെല്ലാം പുത്രനും തന്നോടൊപ്പം ഉണ്ടായി രുന്നുയെന്നതാണ് സഭയുടെ വിശ്വാസം. എന്നാൽ ദൈവം ആദാമിനെ സൃഷ്ടിച്ചശേഷം കായീൻ ജനിച്ചതിനു begot- ten എന്ന പദമാണ് മൂല ഭാഷയിൽ. ഒരു വർഗ്ഗത്തിൽ ജനി ക്കുന്ന ജീവി അതേ വർഗ്ഗത്തിൽ ജനിക്കുന്നതിന് begotten എന്ന പദമാണ്. അതിനാൽ ദൈവത്തിൽനിന്നു ജനിക്കു ന്നവന് ദൈവത്തിന്റെ അതേ സ്വഭാവമായിരിക്കും. ദൈവം സ്നേഹമാകയാൽ ജനിക്കുന്ന ദൈവത്തിനും സ്നേഹ സ്വഭാ വമായിരിക്കും. അതിനാൽ ദൈവം സ്നേഹംതന്നെ. ദൈവം തന്റെ പദ്ധതിയുടെ പ്രാരംഭസംഭവമായ പ്രപഞ്ച സൃഷ്ടി നടത്തിയപ്പോൾ പുത്രനും ഉണ്ടായിരുന്നു എന്ന പിതാവിന്റെ സാക്ഷ്യത്തിനുശേഷം തന്റെ അടുത്ത പദ്ധതി മനുഷ്യനെ സൃഷ്ടിക്കുകയായിരുന്നു. അതിനായി താൻ “വരിക, നാം നമ്മുടെ സ്വരൂപത്തിലും, സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാമെന്ന്” പുത്രനെയും പരിശുദ്ധാത്മാവിനെയും വിളിക്കുന്നതായി ഉല്പ.1:26 ൽ ‘നാം’ എന്ന ബഹുവചനമായ ഏലോഹീം എന്നവാക്കാണ്. എന്നാൽ ഈ പദപ്രയോഗം മാലാഖമാരെപ്പറ്റി പറയുന്നതിനും ഉപയോഗിച്ചിട്ടുള്ളതിനാൽ ദൈവം മാലാഖമാരെയാണ് വിളിക്കുന്നതെന്ന ദുരുപദേശം പ്രചരിപ്പിക്കുന്നുണ്ട്. മനുഷ്യനെ മാലാഖമാരുടെ സ്വരൂപ ത്തിൽ സൃഷ്ടിച്ചിരുന്നെങ്കിൽ അവർക്കുള്ളതുപോലെ നമുക്കും ചിറകുകൾ ഉണ്ടായിരുന്നേനെ! അതിനാൽ ഇതു ദുരുപദേശമാകുന്നു. ഇതു പിതാവിന്റെ രണ്ടാം സാക്ഷ്യമാണ് മനുഷ്യനെ സൃഷ്ടിച്ചപ്പോഴും യേശുവും, പരിശുദ്ധാത്മാവും ഉണ്ടായിരുന്നുയെന്നത്.

മനുഷ്യനെ സൃഷ്ടിച്ച് ഏദൻതോട്ടത്തിൽ പാർപ്പിച്ചശേഷം സാത്താൻ സർപ്പ സ്വരൂപത്തിൽ വന്ന് ദൈവകല്പന ലംഘി പ്പിച്ച് നമ്മിലെ ദൈവതേജസ് നഷ്ടപ്പെടുത്തിയതിനാൽ അവിടെ നിന്നും പുറത്താക്കപ്പെട്ട് ഭൂമിയിലേക്ക് തങ്ങളുടെ പാപത്തിന്റെ ഫലമായി വിടുമ്പോൾ ദൈവം അവർക്ക് വീണ്ടെടുപ്പിന് വാഗ്ദാനം ചെയ്ത വചനമാണ് പ്രവചനങ്ങ ളുടെയെല്ലാം ആദ്യപ്രവചനം ഉല്പ. 3:15 സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർ ക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ ഒരു വീണ്ടെടുപ്പിനായി ദൈവം തന്റെ പുത്രനെ അയക്കും എന്ന വാഗ്ദാനമാണ് കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്ന് ന്യായപ്രമാണത്തിൻ കീഴിൽ ജനി ച്ചവനായി അയച്ചു. (ഗലാ. 4:4) നമ്മുടെ നഷ്ടപ്പെട്ട ദൈവ തേജസ് വീണ്ടെടുത്ത് ദൈവ മക്കൾ ആക്കിത്തീർത്തിരിക്കു ന്നു. ഇതും പിതാവ് നൽകുന്ന സാക്ഷ്യമാകുന്നു.

ജലപ്രളയത്തിനുശേഷം ജനം സന്താനപുഷ്ടിയാൽ വളർന്നു വീണ്ടും പാപസ്വഭാവത്തിൽ ആയിത്തീർന്നു. അപ്പോൾ ദൈവം രണ്ടാമതും ഒരു ജലപ്രളയം ഉണ്ടാക്കിയാൽ തങ്ങൾ രക്ഷപെടാനുള്ള തങ്ങളുടെ സ്വന്ത ബുദ്ധിയിൽ ആശ്രയിച്ച് ആകാശത്തോളം ഉയരമുള്ള ഒരു വലിയ ഗോപുരം പണിതു. തങ്ങളുടെ മത്സരബുദ്ധിയിൽ കുപിത നായ ദൈവം, വരുവീൻ നാം ഇറങ്ങി ചെന്ന് അവരുടെ ഭാഷ കലക്കി പണിക്കുള്ള തടസം വരുത്തുവാനായി പുത്രനെ യും, പരിശുദ്ധാത്മാവിനെയും വിളിക്കുന്ന ‘നാം’ എന്ന പദ പ്രയോഗവും യേശു ദൈവമാണെന്ന പിതാവിന്റെ സാക്ഷ്യം ആകുന്നു. ഉല്പ. 11:17.

അബ്രഹാമിന്റെ കാലത്ത് താൻ മെമ്രയുടെ തോപ്പിൽ വിശ്രമിക്കുമ്പോൾ ദൈവം മൂന്ന് ആൾ രൂപത്തിൽ വന്ന് അനു ഗ്രഹിക്കുമ്പോഴും പിതാവും, പുത്രനും, പരിശുദ്ധാത്മാവും ആളത്വത്തിൽ മൂവരും ആയിരുന്നു. ഇവിടെയും പിതാവിനോ ടുകൂടെ യേശുവും ദൈവ ഫാമിലിയിൽ ഉണ്ടായിരുന്നതും പിതാവിന്റെ യേശുവിന്റെ ദൈവത്വത്തിന്റെ സാക്ഷ്യം ആണ്.

എശയ്യാ പ്രവാചകന്റെ കാലത്ത് (യെശ. 48:16). ദൈവം

എന്നെയും, തന്റെ ആത്മാവിനെയും എന്നു പറഞ്ഞിരിക്കുന്നത് യേശുവിനെയും, പരിശുദ്ധാത്മാവിനെയും ആണ് സൂചിപ്പിക്കുന്നത്. അന്ന് യഹൂദന്മാരുടെ ഏക ദൈവവിശ്വാസം യേശുവിന്റെ കാലസമ്പൂർണത വരാനുള്ള സമയാഗമനത്തിനു മുമ്പ് (ഗലാ 4:4) അവർക്കു ഭാവിയിൽ വരാനിരിക്കുന്ന സംഭവത്തെപ്പറ്റി അറിയാൻ പാടില്ലാതിരുന്നതിനാൽ ഇത് യേശുവിനെ ആണെന്ന് ഗ്രഹിക്കുവാൻ പറ്റുകയില്ലായിരുന്ന കാലം ആയിരുന്നു. ഇതും പിതാവായ ദൈവത്തിന്റെ ത്രീത്വ വിശ്വാസത്തെകുറിച്ചായിരുന്നു. ഇതും യേശുവിനെപ്പറ്റി പിതാവിന്റെ സാക്ഷ്യം ആയിരുന്നു.

ഇത്രയും സാക്ഷ്യങ്ങൾ യേശു ദൈവപുത്രനും, ദൈവവും ആണെന്നു ഇതു സത്യത്തിനുള്ള പിതാവിന്റെ സാക്ഷ്യങ്ങൾ ആകുന്നു. സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. യോഹ. 3:22 അത് യേശു മനുഷ്യാവതാരം ചെയ്ത ദൈവമാണെന്ന വിശ്വാസമാണ് നമ്മുടെ നിത്യജീവൻ. അതിനാൽ നാം അവന്റെ കല്പന പാലിച്ച് യേശുവിന്റെ ഭാവമുള്ളവരായിത്തീരണം.

---

കവിത

# അനുഗ്രഹം ലഭിക്കാൻ ശ്രദ്ധിക്കേണ്ടിയ കാര്യങ്ങൾ

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

ഒന്നാം പ്രമാണം പാലിച്ചില്ലേൽ
ദൈവ കോപം ഇറങ്ങിക്കൊണ്ട്
തലമുറയിലേക്ക് ശാപം ഇറങ്ങി
കയ്പിന്റെ കണ്ണീർ കുടിച്ചിടുമേ
അന്യായമായി നേടുന്ന സമ്പത്ത്
സ്വന്തം ശവക്കല്ലറ പണിതിടുന്നു
നയമാനിൽ നിന്നും ഗേഹസി
നേടിയ മാറാരോഗം ഓർത്തിടുക
മക്കളെച്ചേർത്തു പിടിക്കേണ്ടിയമ്മ
തൻപ്രിയ മകനാം യാക്കോബിനെ
അനുഗ്രഹം കിട്ടാൻ ഒരുക്കിയ മകനെ
മരണം വരെയും കണ്ടില്ലല്ലോ
പൂർവ്വികന്മാരുടെ പാപം ക്ഷമിക്കാൻ
ക്രൂശിൽ, ചുവട്ടിൻ കടന്നുവന്ന്
കരുണ ചോദിച്ചു പ്രാർത്ഥിക്കൂ മക്കളെ
മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുക
കർത്തൻ, തൻ മക്കളെ പാകപ്പെടുത്താൻ
സഹനങ്ങൾ തന്നു സൽക്കരിക്കും
സഹനത്തിൽ സന്തോഷം കണ്ടെത്തുവാൻ
കർത്തനെ, നിൻകൃപ എന്നിലൊഴുകൂ!
സഹനവും ക്ഷമയും സ്വായത്തുമാക്കി
ശത്രുവിനെ, ചേർത്തു പിടിച്ചിടുകിൽ
സമ്മാനമായി നാഥൻ ഇറങ്ങി
മാറോടു ചേർത്തു പിടിച്ചീടുമേ
പാപം എത്ര കടും ചുമപ്പായാലും
നമ്മെ, തേടിവരുന്നോരപ്പൻ
പാപമോചനം നൽകുന്നോരപ്പൻ
നമ്മുടെ, മുമ്പിൽ നിൽപ്പുണ്ടല്ലോ.
കൂട്ടരേ, നിങ്ങൾ അറിഞ്ഞിടുക
തിന്മയിൽനിന്ന് നാവിനേയും
വ്യാജത്തിൽനിന്ന് അധരത്തേയും സൂക്ഷിക്ക
നാവിന്റെ കെട്ടഴിഞ്ഞാൽ, വീടിന്റെ കെട്ടഴിയും
അന്യന്റെ കണ്ണീർ ഭവനത്തിൽ വീണാൽ
തലമുറ ശാപത്തിലായിടുമേ
നന്മ പറഞ്ഞാൽ നന്മ ലഭിക്കും
തിന്മ, പറഞ്ഞാൽ തിന്മ ലഭിക്കും
കൂദാശകൾ, സ്വീകരിച്ചു വിശുദ്ധിയാകൂ!
വിശുദ്ധിയുള്ളവനെ സാത്താൻ പേടിക്കും
വിശുദ്ധി, അതിർത്തി വിസ്തൃതമാക്കും
അവന്റെ, ഐശ്വര്യം സ്ഥിരമായിരിക്കും
മക്കളെ, നിങ്ങൾ, ഇന്റർവ്യൂവിന് പോകുമ്പോൾ
കുർബ്ബാന, സ്വീകരിച്ചു പോയിടുക
'പരിശുദ്ധ റൂഹ' കൂട്ടായി വന്ന്
പറയേണ്ടിയ ഉത്തരം നാവിൽ തരും
ഓടി വരൂ മക്കളെ ഓടി വരൂ
ബലി പീഠത്തിൽ കുരുക്കുകൾ അഴിയും
ബലി, അർപ്പിച്ചു മോചനം നേടൂ
ദിവ്യ കാരുണ്യം അനുഭവിക്കൂ!
പാരയ്ക്ക് 'പാര', പണിതിടാതെ
ശത്രുവിനെ ചേർത്തു പിടിച്ചിടുക
മേത്തരമായ വിരുന്നൊരുക്കി
കർത്തൻ, തൻ മക്കളെ കാത്തിരിക്കൂ!

# കുടുംബത്തിന്റെ പേര് ക്രിസ്ത്യാനി

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

ഒരു മനുഷ്യനെ ധനവാൻ എന്നു പറയുന്നത് അവന്റെ ചുറ്റുപാടുകളെ ഒക്കെ നോക്കിയാണ് ദരിദ്രൻ എന്നു പറയുന്നത് അവന്റെ ഇല്ലായ്മകളെ കണ്ടിട്ടാണ് സൗമ്യനാണെന്നു പറയുന്നത് അവന്റെ സ്വഭാവരീതികളൊക്കെ കണ്ടിട്ടാണ്. ഇങ്ങനെ ഓരോന്നിനും മനുഷ്യനുവിലയിടുന്നത് മനുഷ്യരുതന്നെയാണ്. അങ്ങനെയെങ്കിൽ ക്രിസ്ത്യാനികൾ എന്നു നമ്മളെ വിളിക്കുമ്പോൾ ക്രിസ്തുവിന്റെ ഗുണങ്ങൾ നമ്മളിൽ വേണ്ടേ. ക്രിസ്ത്യാനികൾ എന്നുള്ള തലകെട്ടിൽ നമ്മൾ യോഗ്യരാണോ. നമ്മൾക്കു കിട്ടിയിരിക്കുന്ന ഈ പേരിൽ നാം ക്രിസ്തുവിനെ അപമാനിക്കുകയല്ലേ. നാം ഇന്നല്ലങ്കിൽ നാളെ ഈ ലോകത്തിൽ നിന്ന് എന്നന്നേയ്ക്കുമായി പിരിഞ്ഞുപോകും. "ഇന്നു ഞാൻ നാളെ നീ" ഇത്രയുമേയുള്ളൂ. നമുക്കു വേണ്ടപ്പെട്ടവർ ഇന്നലെ ഈ സമയം ജീവനോടെ ഉണ്ടായിരുന്നു, കഴിഞ്ഞ ആഴ്ച ഈ സമയം ഉണ്ടായിരുന്നു, കഴിഞ്ഞമാസം ഈ സമയം ഉണ്ടായിരുന്നു. കഴിഞ്ഞവർഷം ഉണ്ടായിരുന്നു. അവിടെകൊണ്ടു ഏകദേശം നിൽക്കും വേണ്ടപ്പെട്ടവരാണെങ്കിൽപോലും. നമ്മൾ മറ്റുള്ളവരുടെ മനസ്സിൽ സ്ഥാനം പിടിക്കുന്നതും അവരുടെ ഓർമ്മയിൽ പിന്നീട് നിലനിൽക്കുന്നതും അവരുപയോഗിച്ചു കൊണ്ടു നടന്ന അവരുടെ വിലകൂടിയ കാറിലോ അവരുടെ വിലകൂടിയ ഡ്രസ്സുകളിലോ അവരുടെ ആഡംബര ജീവിതങ്ങളിലോ ഒന്നുമല്ലല്ലോ നമ്മളേകൊണ്ടു ഈ ലോകത്തിലുണ്ടായ നല്ല കാര്യങ്ങളിലാണല്ലോ നമ്മളെ പിന്നീട് ഓർക്കുന്നത്. നമ്മളെക്കുറിച്ച് സമൂഹം എന്താണ് ഓർക്കുന്നത്. നാം ഈ ലോകത്തിൽ നിന്നും മാറികഴിയുമ്പോൾ മനുഷ്യസമൂഹത്തിന്റെ മനസ്സിൽ സ്ഥാനം പിടിക്കുവാൻ തലമുറയ്ക്കു മാനം കിട്ടുവാൻ നമുക്ക് എന്തു ഗുണഗണങ്ങൾ ഉണ്ട്. നാം ക്രിസ്ത്യാനികൾ ആണ്. ക്രിസ്തുവിന്റെ കുടുംബത്തിലുള്ളവരാണ് പേരുകൊണ്ടുമാത്രം "God is love" ഇതു നമ്മളിലുണ്ടായിരുന്നെങ്കിൽ നമ്മുടെ സമുദായം ഈ രീതിയിൽ പോകയില്ലായിരുന്നു. അന്യോന്യം ക്ഷമിക്കുവാനും സഹിക്കുവാനും കഴിയുമായിരുന്നു. അപ്പനും മക്കളും ക്ഷമിച്ചുകൊടുക്കുവാൻ തയ്യാറല്ലെങ്കിൽ കൊച്ചുമക്കൾ എങ്ങനെ വരും. ഞാൻ മനുഷ്യരുടെയും മാലാഖമാരുടെയും സർവ്വഭാഷകളിലും സംസാരിച്ചാലും സ്നേഹമില്ലായെങ്കിൽ 1 കോരി. 13:1–8 വരെയുള്ള വാക്യങ്ങളിൽ ഒരു നീണ്ട വിവരണം തന്നെ കൊടുത്തിട്ടുണ്ട്. വേദപുസ്തകം വായിക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്യുന്ന ആത്മീയനേതാക്കന്മാർ എന്തുകൊണ്ടും അതു പ്രവർത്തിയിൽ കൊണ്ടുവരുന്നില്ല. ദൈവത്തിന്റെ മണവാട്ടികളായി ജീവിക്കാൻ വീടും സൗകര്യങ്ങളും ഒക്കെ ഉപേക്ഷിച്ചിറങ്ങിയവരല്ലേ ആത്മീയർ. ദൈവത്തിന്റെ അരുമസന്താനങ്ങളല്ലേ. തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും യാതൊരു ക്ഷമയുമില്ലാതെ സ്നേഹം എന്ന വാക്കിനു യാതൊരു വിലയും കൊടുക്കാതെ ക്രിസ്തുവിന്റെ മണവാട്ടികളെ ക്രിസ്തു സ്വീകരിക്കുമോ. ക്രിസ്തുവിന്റെ മണവാട്ടികൾ തമ്മിൽതമ്മിൽ യാതൊരു ചേർച്ചയുമില്ലാതെ ജീവിച്ചാൽ ചുമ്മാ മണവാട്ടികളുടെ ഗതി എന്താകും. കുടുംബത്തിന്റെ പേരു നിലനിർത്തേണ്ടത് മൂത്തപ്പന്റെ ചുമതലയാണ്. "യേശു അവനോട് ഇവനും അബ്രഹാമിന്റെ മകനാകയാൽ ഇന്നു ഈ വീടിനു രക്ഷ വന്നു"(മത്തായി 19:9). മതത്തിന്റെ പേരിൽ ഏറ്റവും കുറ്റകൃത്യം നടക്കുന്നത് ഇൻഡ്യയിലാണ്. പള്ളിയിൽ പോകുന്നു സുവിശേഷം കേൾക്കുന്നു, ആരാധനയ്ക്കു പോകുന്നു സുവിശേഷം പറയുന്നു നമുക്ക് എന്തുകൊണ്ട് പരസ്പരധാരണയും സ്നേഹവും ഒന്നുമില്ലാതെ പോകുന്നു. മേലധികാരത്തിന്റെ ചെങ്കോൽ ഒടിച്ചുകളഞ്ഞങ്കിലെ ക്രിസ്ത്യാനി എന്ന പേരിന് നാം അവകാശികളാകുകയുള്ളു. വീണടുത്തൂന്ന് കൈപിടിച്ചെഴുന്നേൽപ്പിക്കുന്ന ഒരു അപ്പനുണ്ട്. നമുക്ക് ആ അപ്പന്റെ കൂട്ടാളി ആകണമെങ്കിൽ നമ്മളൊന്നുതാണു കൊടുക്കണം. നമ്മുടെ ജീവിതം കൊണ്ടു നമ്മളെന്തുമറുപടിയാണ് ഈ സമൂഹത്തിന് നാം കൊടുക്കുന്നത്. നമ്മളൊരു സാക്ഷി ആയെങ്കിൽ മാത്രമേ മറ്റുള്ള ഒരാളെയെങ്കിലും വേറൊരു സാക്ഷിയാകാൻ പറ്റുകയുള്ളു. പള്ളിയിൽ അച്ചന്മാരു മാറി മാറി വരും. പള്ളിയ്ക്കും പരിസരത്തിനും മാറ്റം വരുത്തും. അവരുടെ വലിയ നേട്ടമാണ്. ഞാനിരുന്നപ്പോൾ പള്ളിയ്ക്കും പരിസരത്തിനും വരുത്തിയ മാറ്റം ഒരാത്മാവിനെയെങ്കിലും രക്ഷപ്പെടുത്താൻ കഴിഞ്ഞിരുന്നെങ്കിൽ അവിടെയാണ് നേട്ടം. അച്ചനാണെങ്കിലും സന്യാസിയാണെങ്കിലും ഉസ്താദാണങ്കിലും ഒത്തിരിനേരം നിന്നു പ്രാർത്ഥിച്ചതുകൊണ്ട്, സുവിശേഷം കേട്ടതുകൊണ്ടോ സുവിശേഷം പറഞ്ഞുകൊണ്ടു നടന്നതുകൊണ്ടോ ഈശ്വരനു വേണ്ടപ്പെട്ടവരാകുന്നില്ല. പ്രാർത്ഥന എന്നു പറയുന്നത് കാര്യം സാധിക്കാൻ മനുഷ്യൻ കണ്ടുപിടിച്ചേക്കുന്ന മന്ത്രമല്ലല്ലോ. ഇപ്പോൾ തന്നെ ഈ ക്രിസ്തുമസ്സിനും എത്രയോ പള്ളിക്കാർ കരോളിനിറങ്ങി. പണ്ടൊക്കെ മണിയൊക്കെ അടിച്ച് Christmas വിളക്കും ഒക്കെ പിടിച്ച് രാത്രി പതിനൊന്നും, പന്ത്രണ്ടും ഒക്കെയാണ് വരുന്നത്. അതു കേൾക്കാൻ തന്നെ ഒരു സുഖമാണ്. ഇപ്പോൾ ക്രിസ്തുവിനെ നേരത്തെ ജനിപ്പിക്കും. മുൻപിൽ ഇറങ്ങുന്ന പള്ളിക്കാർക്കു കൂടുതൽ പൈസാ കിട്ടും. ഒടുവിൽ വരുന്നവർക്കു പൈസ കുറയും. ക്രിസ്തുവിന്റെ ജനനത്തെ അറിയിക്കാൻ വന്നവർ പൈസയും കൊണ്ടു പോകും. കാരണം പൈസാ ആണ് ലക്ഷ്യം. ക്രിസ്തുവിനെ മുൻപിൽ നിർത്തി അവന്റെ പേരു പറഞ്ഞു മനുഷ്യൻ എന്തെല്ലാം കാട്ടികൂട്ടുന്നു. ദൈവവും മനുഷ്യന്റെ പ്രവർത്തിയും തമ്മിൽ യാതൊരു സാമ്യവുമില്ലാതായിരിക്കുന്നു. അടുത്തുനിൽക്കുന്ന സഹോദരനെകാണാത്തടത്തോളം കാലം എത്ര വലിയ കൂദാശ നടത്തിയാലും ഒരു പ്രയോജനവുമില്ല. ദൈവത്തെ ആഭരണം പോലെ ധരിക്കാതെ തോന്നുന്നതുപോലെ ആവശ്യമുള്ളപ്പോൾ ധരിക്കാതെ ക്രിസ്ത്യാനി കുടുംബമെന്ന് മറ്റുള്ളവരുടെ വായ്കൊണ്ടു നമ്മളെ ചൂണ്ടി കാണിക്കുവാൻ ഇടവരട്ടെ. പേരുകൊണ്ടു ക്രിസ്ത്യാനിയാകുവാൻ ഞങ്ങളെ നിന്റെ കൃപയാൽ സഹായിക്കണമേയെന്നു പ്രാർത്ഥിയ്ക്കാം.

# എവൻഗേലിയോൻ ദീപം



**ഫാ. സിജിൽ ജോസ് വിലങ്ങൻപാറ**

**കൊഹനെ ഞായർ (16-02-2025)**
**വി.മത്തായി 24: 42-51**

ഇന്നേ ദിവസം പരി. സഭ വാങ്ങിപ്പോയ എല്ലാ ആചാര്യന്മാരുടെയും ഓർമ്മ കൊണ്ടാടുന്നു. സ്വർഗ്ഗത്തിൽ മൂന്നുഗണം മാലാഖമാർ ശുശ്രൂഷിക്കുന്നതുപോലെ മേൽപട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ എന്നിങ്ങനെ മൂന്നു ഗണങ്ങൾ ഭൗമിക സഭയിൽ ശുശ്രൂഷിക്കുവാൻ നമ്മുടെ കർത്താവിനാൽ നിയമിക്കപ്പെട്ടിരിക്കുന്നു. പുരോഹിതന്മാർ മൃഗപ്രായന്മാരെ മനുഷ്യപ്രായന്മാരും, മനുഷ്യപ്രായന്മാരെ ദൈവസ്വഭാവമുള്ളവരുമാക്കി മാറ്റാനുള്ളവരാണ്. ഓരോ ആചാര്യനും തനിക്കുവേണ്ടിയും തന്റെ ജനത്തിനുവേണ്ടിയും ബലിയർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവാനും അനേകർക്ക് മാതൃക കാണിപ്പാനും മറ്റുള്ളവരെ ആത്മീക കാര്യങ്ങളിൽ വഴി നടത്താനും വിളിക്കപ്പെട്ടിരിക്കുന്നു.

ഒരിക്കൽ തന്റെ പ്രസംഗത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ വൈദികരെ പ്രചോദിപ്പിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു "നാം വൈദികർ നമ്മുടെ ആടിന്റെ ഗന്ധം അറിയുന്നവരാകണം. ദൈവകൃപയുടെ സൗഖ്യശക്തി എല്ലാവരെയും അനുഭവിപ്പിക്കുവാൻ നമുക്കാവണം. ദൈവം വൈദീകരെ അഭിഷേകം ചെയ്യുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്. പാവപ്പെട്ടവരെയും തടവുകാരെയും രോഗികളെയും വേദനിക്കുന്നവരെയും ഏകാന്തത അനുഭവിക്കുന്നവരെയും ശുശ്രൂഷിക്കുവാനാണ്. നല്ല വൈദികൻ തന്റെ അഭിഷേകമുള്ള സുവിശേഷപ്രസംഗത്തിലൂടെ ദൈവത്തെ സന്തോഷം കൊണ്ട് അഭിഷേകം ചെയ്യുന്നു. അതായത് അവരെ സമാശ്വസിപ്പിക്കുന്നു, സാന്ത്വനിപ്പിക്കുന്നു. മുറിവിൽ തൈലം പൂശുന്ന അനുഭവം ഉണ്ടാക്കുന്നു. വി. കുർബ്ബാന കഴിഞ്ഞ് മടങ്ങുന്ന ജനം സുവാർത്ത കേട്ടവരെപ്പോലെ മടങ്ങിയാൽ പുരോഹിതൻ തന്റെ ദൗത്യം നിറവേറ്റി എന്ന് വിശ്വസിക്കാം. ദൈവവും ദൈവജനവുമായി നമുക്ക് ഈ അടുപ്പം ഉണ്ടായാൽ ദൈവകൃപ നമ്മിലൂടെ അവരിലേയ്ക്ക് ഒഴുകിയാൽ നാം ദൈവത്തിനും മനുഷ്യനും ഇടയിലുള്ള യഥാർത്ഥ മധ്യസ്ഥരാവും" എന്ന് പറഞ്ഞതിനു ശേഷം വൈദികരെ സ്നേഹിക്കുവാനും വിശ്വാസികളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

പൗരോഹിത്യത്തെപ്പറ്റി വി.ഫൗസ്തീനായുടെ വാക്കുകൾ ഇപ്രകാരമായിരുന്നു. "യേശുതമ്പുരാൻ ഈ ഭൂമിയിലെ തന്റെ പ്രതിനിധികളെ അങ്ങേയറ്റം സംരക്ഷിക്കുന്നു. അവരോട് അവിടുന്ന് എത്ര അടുത്ത ഐക്യം പുലർത്തുന്നുവെന്നോ! അവരുടെ അഭിപ്രായത്തെ മാനിക്കണമെന്ന് അവിടുന്ന് എന്നോട് കല്പിക്കുന്നു. പുരോഹിതനും യേശുതമ്പുരാനും തമ്മിലുള്ള ഗാഢബന്ധത്തെപ്പറ്റി എനിക്ക് നന്നായി മനസ്സിലായി. പുരോഹിതൻ പറയുന്നതിനെ യേശു പ്രതിരോധിക്കുന്നു. പലപ്പോഴും പുരോഹിതന്റെ ആഗ്രഹത്തിന് അവിടുന്ന് വഴങ്ങുന്നു. കർത്താവ് ഒരു പ്രത്യേക കൃപയാൽ, അവിടുത്തെ ശക്തിയും രഹസ്യവും മാലാഖമാരേക്കാൾ കൂടുതലായി അവിടുന്ന് എത്രമാത്രം പുരോഹിതനുമായി പങ്കുവയ്ക്കുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാനതിൽ ആനന്ദിക്കുന്നു.

അന്ത്യോഖ്യായിലെ വി. ഇഗ്നാത്യോസ് എ.ഡി. 110 ൽ എഫേസ്യ സഭക്കാർക്കുവേണ്ടി ഇപ്രകാരം എഴുതി. "ലോകമെങ്ങും മെത്രാപ്പോലീത്തന്മാർ നിയമിക്കപ്പെട്ടിരിക്കുന്നത്. കർത്താവേശുക്രിസ്തുവിന്റെ തിരുവിഷ്ടമാണ്". നിങ്ങൾ ഇപ്പോൾ ചെയ്യുന്നതുപോലെ ബിഷപ്പിന്റെ (മെത്രാപ്പോലീത്താ) ഇഷ്ടത്തോട് യോജിച്ച് ജീവിക്കുക എന്നത് ശരിയായിട്ടുള്ളതാകുന്നു. നാം ദൈവത്തിനു കീഴ്പ്പെട്ടവരാണെങ്കിൽ ബിഷപ്പിനെ എതിർക്കുന്നവരാകരുത്. നാം നമ്മുടെ കർത്താവിനെ എന്നപോലെ തന്നെ മെത്രാപ്പോലീത്തന്മാരെ കാണണം. ദൈവേഷ്ടപ്രകാരവും ദൈവത്തിന്റെ സ്ഥാനത്ത് അദ്ധ്യക്ഷനായിരിക്കുന്ന മെത്രാപ്പോലീത്താമാരോടും അപ്പോസ്തോല സമൂഹത്തിന്റെ സ്ഥാനത്തുള്ള കശ്ശീശമാരോടും ക്രിസ്തുവിന്റെ കാര്യം ഭരമേല്പിച്ചിരിക്കുന്നവരും എനിക്കേറ്റം പ്രിയപ്പെട്ടവരുമായ ശെമ്മാശന്മാരോടും ചേർന്ന് എല്ലാ കാര്യവും ചെയ്യുവീൻ.........മെത്രാപ്പോലീത്താമാരെ വിട്ട് നിങ്ങൾ ഒന്നും ചെയ്യരുത്. നമ്മുടെ പ്രത്യാശയായ യേശുക്രിസ്തുവിന്റെ അപ്പോസ്തലന്മാർക്ക് എന്നപോലെ കശ്ശീശമാർക്ക് നിങ്ങൾ അനുസരണയുള്ളവരായിരിക്കണം. വി.ഇഗ്നാത്തിയോസ് ഫിലാഡൽഫിയാ സഭയ്ക്ക് എഴുതിയ ലേഖനത്തിൽ തുടർന്നും ഇപ്രകാരം പറഞ്ഞു "മെത്രാപ്പോലീത്ത -കശ്ശീശ - ശെമ്മാശൻ ഇവരില്ലാത്ത ഒന്നിനെ സഭ എന്നു വിളിക്കാനാവില്ല" എന്ന് അദ്ദേഹം വീണ്ടും ഇപ്രകാരം പറഞ്ഞു (സ്മിർണാക്കാർക്ക് എഴുതിയ ലേഖനത്തിൽ) "ഞാൻ നിങ്ങളുടെ മദ്ധ്യേ ആയിരുന്നപ്പോൾ ഉറച്ച മദ്ധ്യത്തിൽ - ദൈവശബ്ദത്തിൽ-ഞാൻ വിളിച്ചു പറഞ്ഞിരുന്നു. മെത്രാപ്പോലീത്ത-കശ്ശീശ- ശെമ്മാശൻ എന്നിവരെ അനുസരിക്കുക" എന്നും "ദൈവത്തിനും ക്രിസ്തുവിനോടും ബന്ധമുള്ളവൻ ആചാര്യഗണത്തോടൊപ്പമായിരിക്കും" എന്നും അദ്ദേഹം തുടർന്നു.

കർത്താവിൽ സ്നേഹം നിറഞ്ഞവരേ, ഈ വാക്കുകളിലൂടെയെല്ലാം ഒരു വൈദികൻ എപ്രകാരമായിരിക്കണമെന്നും ഓരോ വിശ്വാസിയും ആചാര്യന്മാരോട് എത്രമാത്രം ബഹുമാനത്തോടും ആദരവോടും ചേർന്നു നിൽക്കണമെന്നും നമുക്കു മനസ്സിലാക്കുവാൻ സാധിക്കുന്നു. വാങ്ങിപ്പോയ ആചാര്യന്മാരുടെ ഓർമ്മ കൊണ്ടാടുന്ന ഈ ഞായറിൽ നമ്മെ കർത്താവിലേയ്ക്ക് വഴിനടത്തിയ ആത്മീയഭോജ്യത്താൽ നമ്മെ തൃപ്തരാക്കിയ, നമുക്ക് പാപമോചനവും കൂദാശകളും നൽകിയ നമ്മുടെ വാങ്ങിപ്പോയ എല്ലാ മേല്പട്ടക്കാരെയും, ശെമ്മാശന്മാരെയും ഓർത്ത് അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. ദൈവം അവർക്ക് പാപമോചനവും പുണ്യവാന്മാരോടുകൂടെ ഓഹരിയും നൽകട്ടെ. അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ!

**ആനീദേ ഞായർ (23-02-2025)**
**വി. ലൂക്കോസ് 12: 32-48**

ഇന്നേദിവസം വാങ്ങിപ്പോയ സകല വിശ്വാസികൾക്കുവേണ്ടി സഭ പ്രാർത്ഥിക്കുന്നു. വാങ്ങിപ്പോയ സകല വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എന്തുകൊണ്ട്?

മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിച്ചാൽ ഫലമില്ല. ജീവ

നുള്ളവർക്കുവേണ്ടി പ്രാർത്ഥിച്ചാലെ ഫലമുള്ളൂയെന്ന് നൂതന കൂട്ടായ്മയുള്ളവരും പ്രോട്ടസ്റ്റാന്റുകാരും പഠിപ്പിക്കുന്നു. എന്നാൽ നമ്മിൽ നിന്നു വേർപെട്ടുപോയവർ ജീവനുള്ളവരാണെന്നു വന്നാൽ അവർക്കുവേണ്ടി പ്രാർത്ഥിക്കാമെന്നും, പ്രാർത്ഥിച്ചാൽ ഫലമുണ്ടെന്നും സമ്മതിക്കണമല്ലോ. കബറിനകത്തുള്ളവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുമെന്നും അവർ എഴുന്നേൽക്കുമെന്നും പറയുന്ന സ്ഥിതിയ്ക്ക് അവർ മരിച്ചവരല്ല എന്നു വരുന്നല്ലോ. ലാസർ മരിച്ചു നാലുദിവസം കഴിഞ്ഞു കർത്താവ് ബഥാനിയായിൽ (ബെത്അനിയ) ചെന്ന് ലാസറിന്റെ കല്ലറയിൽ പുതിയൊരാളെ സൃഷ്ടിച്ചില്ല. പ്രത്യുത "ലാസറെ പുറത്തുവാ" എന്നു പറഞ്ഞു മരിച്ചയാളെയാണ് വിളിച്ചെഴുന്നേൽപ്പിച്ചത്. കർത്താവ് ക്രൂശിന്മേൽ വച്ചു മരിച്ചപ്പോൾ പാറകൾ പിളർന്നു മരിച്ചുപോയ പല പരിശുദ്ധന്മാരും കബറുകൾ തുറന്നു (മത്തായി 27:51-54) പുറത്തുവന്നു ശരീരത്തോടുകൂടെ പലർക്കും കാണപ്പെട്ടു. അവർ കർത്താവിന്റെ മൂന്നാംദിവസത്തെ ഉയർപ്പിനുശേഷം പലർക്കും കാണപ്പെട്ടുയെങ്കിൽ അവർ പെട്ടെന്ന് മറഞ്ഞു പോകുന്ന മായാരൂപങ്ങളല്ലായിരുന്നുയെന്നു വരുന്നു.

കർത്താവ് മരിച്ചടക്കപ്പെട്ടു പാതാളത്തിൽ സ്ഥിതി ചെയ്യുന്നവരോട് സുവിശേഷിച്ചു (1 പത്രോസ് 4:5-6). പാതാളത്തിൽ സ്ഥിതിചെയ്യുന്ന പരേതരുടെ ആത്മാക്കൾ നിർജ്ജീവാവസ്ഥയിലാണെങ്കിൽ അവരോടെങ്ങനെ സുവിശേഷിക്കും? അവർ സജീവരാണ്. കർത്താവ് ക്രൂശിൽ മരിച്ചത് ആദാം മുതൽ മരിച്ചുപോയ എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടിയല്ലേ? മരണാനന്തര ജീവിതം തുടരുന്നു. മോശ മരിച്ചിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞശേഷം താബോർമലയിൽ കാണപ്പെട്ടതിൽ നിന്നും പരേതരുടെ അവസ്ഥ നമുക്കറിയാം.

പഴയനിയമകാലത്ത് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ധാരാളം ഉദാഹരണങ്ങൾ കാണുന്നുണ്ട് (1 ശമു.31:13, 2 ശമൂ.1:12, നെഹമ്യ 9:2), ന്യായാ.11:40). കർത്താവിന് 168 വർഷം മുമ്പ് ജീവിച്ചിരുന്ന യഹൂദാമക്കാബിയോസ് യുദ്ധത്തിൽ മരിച്ചുപോയവരുടെ പാപപരിഹാരാർത്ഥം യറുശലേമിലേക്ക് വഴിപാടു കൊടുത്തയക്കുന്നതിനായി ധനശേഖരം നടത്തിയതായി കാണുന്നു (മക്കാ.2:42-46). മരിച്ചുപോയ ഒനേസിഫോറസിനുവേണ്ടി വി.പൗലോസ് ഇപ്രകാരം പ്രാർത്ഥിക്കുന്നു."അവസാനദിവസം കർത്താവിൽ നിന്നും കാരുണ്യം ലഭിക്കാൻ അവിടുന്ന് അവന് അനുഗ്രഹം നൽകട്ടെ" (2 തിമോ.1:16-18) എന്ന്. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുള്ള വി.ഗ്രന്ഥത്തിലെ പരോക്ഷമായ പരാമർശമാണിത്. ക്രിസ്തുവിന്റെ ഭൗതിക ശരീരത്തിലെ അംഗങ്ങളും ഒരേ പിതാവിന്റെ പുത്രന്മാരുമാണ് ക്രൈസ്തവരെല്ലാം. ജീവിച്ചിരിക്കുമ്പോൾ ഉണ്ടായിരുന്ന ഐക്യം മരണത്തോടെ ഇല്ലാതാകുന്നില്ല.

നമ്മിൽ നിന്നും വാങ്ങിപ്പോയവർ സജീവരാണെന്നും അവർ നമ്മുടെ പ്രാർത്ഥനകൾക്കായി ദാഹിക്കുന്നുവെന്നും വചനത്തിലൂടെയും സഭയുടെ പ്രബോധനങ്ങളിലൂടെയും മനസ്സിലാക്കുന്ന നമ്മൾ ഈ നമ്മുടെ സഹോദരങ്ങളായ പരേതാന്മാക്കൾക്കുവേണ്ടി പരി. ബലിയർപ്പിച്ചും പരിത്യാഗ പ്രവർത്തനങ്ങൾ ഏറ്റെടുത്തും, നോമ്പും, ഉപവാസവും അനുഷ്ഠിച്ചും പരേതരുടെ പേരിൽ കഴിയുന്നത്ര കാരുണ്യ പ്രവർത്തനങ്ങൾ ചെയ്തും അവരുടെ ആത്മാക്കൾക്ക് ആശ്വാസം നൽകുവാൻ പരിശ്രമിക്കാം.

**വെരി. റവ. ഫാ. റോയി മാത്യു കോർ-എപ്പിസ്ക്കോപ്പാ മുളമൂട്ടിൽ**

**കൊത്തിനെ ഞായർ (ഫെബ്രുവരി. 2-03-2025)**
**യോഹ. 2:1-11**

കാനാവിലെ കല്യാണത്തിനു യേശു സംബന്ധിച്ചത് മുഖ്യ കാർമ്മികനായിട്ടല്ല. യേശു ജീവിതത്തേയും മനുഷ്യരേയും സ്നേഹിച്ചതുകൊണ്ടും ജീവിത സന്തോഷങ്ങളിൽ പങ്കു കൊള്ളുന്നത് തനിക്ക് ഇഷ്ടമായിരുന്നതുകൊണ്ടുമാണ് കല്യാണത്തിന് കൂടിയത്. അവൻ യഥാർത്ഥത്തിൽ സന്യാസിയായിരുന്നെങ്കിലും സദ്യകളിലും സൽക്കാരങ്ങളിലും പങ്കുകൊള്ളുന്നതിലും ബന്ധുമിത്രാദികളുടെ സഹവാസത്തിലും സന്തോഷിച്ചു. കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ ധാരാളം വന്നതുകൊണ്ട് വീഞ്ഞു തീർന്നുപോയി. അത് അറിഞ്ഞ് യേശുവിന്റെ അമ്മ അവനോട് അവർക്ക് വീഞ്ഞില്ല എന്നു പറഞ്ഞു. നാം വീഞ്ഞു തീരുമ്പോഴാണ് യേശുവിനെ അന്വേഷിക്കുന്നത്. ആയുരാരോഗ്യ സമ്പൽ സമൃദ്ധിയുടെ വീഞ്ഞ് തീരുമ്പോഴാണ് നമ്മുടെ നിസ്സാഹയതയും യേശുവിന്റെ സഹായ സന്നദ്ധതയും ശക്തിയും സാന്നിദ്ധ്യവും നാം ഓർക്കുകയും സഹായഭ്യർത്ഥന നടത്തുകയും ചെയ്യുന്നത്. ഏതു സമയത്തും യേശുവിനെ സമീപിക്കുന്നവർക്ക് ഒരു നന്മക്കും കുറവില്ല.

പരിശുദ്ധാത്മാവിന്റെ നിഴലാട്ടത്തിലും നിറവിലും ഗർഭം ധരിച്ച് ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന യേശുവിന്റെ ജനനത്തോടനുബന്ധിച്ചുണ്ടായ അത്ഭുതങ്ങളും അവനെക്കുറിച്ചുള്ള പ്രവചനങ്ങളും ഹൃദയത്തിൽ സംഗ്രഹിച്ച അമ്മയ്ക്ക് തന്റെ പുത്രന്റെ അനുകമ്പയെക്കുറിച്ച് നന്നായി അറിയാമായിരുന്നു. അതുകൊണ്ടാണ് അവൻ എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്യുവീൻ എന്ന് സേവകരോട് ശുപാർശ ചെയ്യുന്നത്. നമ്മൾ എന്നും ശ്രദ്ധിക്കേണ്ട ഒരുപദേശമാണ് മറിയാമിന്റെ വാക്കുകൾ. അവന്റെ കല്പനകളെ നാം പ്രമാണിക്കുന്നു വെങ്കിൽ നാം എന്തു പ്രാർത്ഥിച്ചാലും ലഭിക്കും. അവൻ കല്പാത്രങ്ങളിൽ വെള്ളം നിറച്ചുകൊണ്ട് വിരുന്നു വാഴിക്ക് കൊടുക്കുവാൻ പറഞ്ഞു. അവർ അനുസരിച്ചതുകൊണ്ട് അത്ഭുതം നടന്നു.

വെള്ളത്തിനു വസ്തുഭേതം വരുത്തുവാൻ കഴിവുള്ള കർത്താവിന് ഏതു പാപിയേയും വിശുദ്ധനാക്കി തീർക്കാൻ സാധിക്കും. നമ്മുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമംപോലെ വെണ്മയു ള്ളതാക്കിത്തീർക്കുന്നവനാണ് ക്രിസ്തു. അവന്റെ അരികിലേക്കുവരാം. അവനെ നമ്മുടെ ഹൃദയത്തിലേക്ക് സ്വീകരിക്കാം. അവൻ വന്നു അപമാനത്തിൽ നിന്നും നിന്ദയിൽനിന്നും നമ്മേ വിടുവിക്കും.

ഒരുവൻ ക്രിസ്തുവിൽ ആയാൽ തിന്മയിൽനിന്ന് നന്മയിലേക്ക് മാറ്റപ്പെടും. അസത്യത്തിൽനിന്ന് സത്യത്തിലേക്ക് മാറും. മദ്യപാനത്തിൽനിന്നും മദ്യ വിദ്വേഷത്തിലേക്കു മാറും. അസമാധാനത്തിൽനിന്നും പൂർണ്ണ സമാധാനത്തിലേക്ക് മാറും. ആരെങ്കിലും ആഗ്രഹിക്കുന്നു എങ്കിൽ കർത്താവിന്റെ കരങ്ങളിലേൽപ്പിക്കുക. അത്ഭുതകരമായ രൂപാന്തരമുണ്ടാകും. ശൗൽ പൗലോസായി. അഗസ്തീനോസ് വിശുദ്ധനായി. ജോർജ്ജ്മുള്ളർ മിഷനറിയായി. സാധു സുന്ദരസിങ്ങ് സുവിശേഷകനായി. അനേകർ ഇന്നും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു. നമുക്കും യേശുവിനെ ഏൽപിക്കാം, രൂപാന്തരപ്പെടും.

**ഫാ. സിജിൽ ജോസ് വിലങ്ങൻപാറ**

**കുഷ്ഠരോഗിയുടെ ഞായർ ഗർബോ. (9-03-2025)**
**ലൂക്കോ 5:12-16, 4:40-41**

യേശുവിന്റെ ശ്രുതി സുറിയയിൽ ഒക്കെയും പരന്നു. നാനാവ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രസ്ഥർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകല വിധ ദീനക്കാരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സൗഖ്യമാക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. യേശു മനസ്സലിഞ്ഞു, അവരെ തൊട്ടു,

തിരുവായ് മൊഴിഞ്ഞ് അവരോട് ഉപദേശിച്ചു. പുരുഷാരം വിസ്മയിച്ചു. ശാസ്ത്രിമാരെപ്പോലെ അല്ല. അധികാരമുള്ള വനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചു. പുരുഷാരം വിസ്മയിച്ചു. ശാസ്ത്രിമാരെപ്പോലെ അല്ല. അധികാരമുള്ള വനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്. അവന്റെ വാക്കുകൾ ഹൃദയങ്ങളെ സ്പർശിക്കുന്നവയും രൂപാന്തര പ്പെടുന്നവയും അവന്റെ കരസ്പർശനം രോഗികളെ സൗഖ്യ പ്പെടുത്തുന്നവയുമായിരുന്നു.

യേശു മലയിൽനിന്ന് ഇറങ്ങി പട്ടണത്തിൽ ഇരിക്കു മ്പോൾ ഒരു കുഷ്ഠരോഗിവന്നു, കവിണ്ണുവീണു, രോഗശമ നത്തിനുവേണ്ടി പ്രാർത്ഥിച്ചു. കർത്താവേ നിനക്ക് മനസ്സു ണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്നു പറ ഞ്ഞു.

ശവപെട്ടിയിലിരിക്കുന്ന പിണംപോലെ കുഷ്ഠരോഗി ചലി ക്കുന്ന ഒരു ശവം മാത്രം. പാപരോഗത്തിന്റെ പ്രതീകവും ദൈവകോപത്തിന്റെ ലക്ഷണവുമായ ഈ രോഗമുള്ളവ നെന്നു തിരിച്ചറിഞ്ഞാലുടനെ ആ മനുഷ്യന്റെ മീതെ ശവ സംസ്കാര പ്രാർത്ഥന വായിക്കുകയും അന്ത്യ കർമ്മങ്ങ ൾ നടത്തുകയും ചെയ്യാറുണ്ടായിരുന്ന പതിവ് യൂദപാരമ്പ ര്യത്തിന്റെ ചുവടുപിടിച്ചുകൊണ്ടായിരുന്നുവെന്നാണ് ലൈറ്റ് ഫുട്ടിന്റെ അഭിപ്രായം.

ദൈവപുത്രന്റെ കരുണക്കും ശക്തിക്കും മാത്രമേ ജീർണ്ണിച്ചു ജീവച്ഛവമായിരിക്കുന്ന തന്നെ സൗഖ്യമാക്കാൻ കഴിയുമെന്നും ആ ശക്തിയും കരുണയും യേശുവിന് ഉണ്ടെന്നും വിശ്വാസമുണ്ടായിരന്നതുകൊണ്ടാണവൻ യേശു വിന്റെ അരികിൽ എത്തി കവിണ്ണുവീണത്. കർത്താവിന്റെ ഹിതത്തിനു സ്വയം വിധേയമാകുന്ന വിശ്വാസത്തിന്റെ പടി യിലേക്കാണവൻ കവിണ്ണു വീണത്.

(കർത്താവേ- മനസ്സുണ്ടെങ്കിൽ എന്നെ)- എന്ന മൂന്നു വാക്കുകൾ ദൈവത്തേയും മനുഷ്യനേയും, സ്വർഗ്ഗത്തേയും ഭൂമിയേയും, യേശുവിന്റെ, ഇച്ഛയേയും, തന്റെ ദേഹത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രാർത്ഥനാ ശ്രൃംഖലയിലെ മൂന്നു കണ്ണികളായിരുന്നു. ആ പ്രാർത്ഥന യേശുവിന്റെ മനസ്സിനെ ആർദ്രമാക്കി ഇച്ഛയെ കർമ്മോന്മുഖമാക്കി, കരത്തെ ഉപാധി യാക്കി. യേശു മനസ്സലിഞ്ഞു കൈ നീട്ടി അവനെ തൊട്ടു മനസ്സുണ്ട് ശുദ്ധമാക എന്നു കല്പിച്ച ഉടനെ കുഷ്ഠം വിട്ടു മാറി ശുദ്ധി വന്നു.

പാപം നിമിത്തം കുഷ്ഠരോഗികളായ നമുക്ക് യേശുവിന്റെ സന്നിധിയിൽ കവിണ്ണുവീണു പ്രാർത്ഥിക്കാം. കർത്താവ് നമ്മേ ശുദ്ധീകരിക്കും. ●

# മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

പ്രിയ സമുദായ സ്നേഹികളെ,

നിരന്തരമായ അഭ്യർത്ഥനയെ തുടർന്ന് കുടിശ്ശിഖ അടയ്ക്കുന്നതിൽ നേരിയ പുരോഗതി കാണുന്നതിൽ വളരെ സന്തോഷമുണ്ട്. ബഹു. വികാ രിമാരും പള്ളി നിർവാഹക സമിതിയും പള്ളി കോ-ഓർഡിനേറ്റർമാരും ഉണർന്ന് പ്രവർത്തിച്ചതി ന്റെ ഫലമായിട്ടാണ് കുറെയെങ്കിലും കുടിശ്ശിഖ തിരികെ ലഭിച്ചത്. ട്രസ്റ്റിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന എല്ലാ വരോടുമുള്ള നന്ദി അറിയിക്കുന്നു. 2024 ആഗസ്റ്റ്മാസം നടത്തിയ മാർ സേവേറിയോസ് ദിനകവർ പിരിവിലൂടെ പള്ളികളിൽ ലഭിച്ച തുക ഇതു വരെയും അടയ്ക്കാത്ത പള്ളികൾ ധാരാളമുണ്ട്. കവറിലിട്ട് പള്ളിയിൽ ഏൽപ്പിച്ച തുക ട്രസ്റ്റിനെ കരുതുന്നവരുടെ എളിയ സംഭാവനകളാണ്. ആ തുക എത്രയും വേഗം ട്രസ്റ്റിൽ അടച്ച് സഹകരിക്കണമെന്ന് ഓർപ്പി ക്കുന്നു. 2024 ഏപ്രിൽ 1 മുതൽ നാളിതുവരെ 135 പേർക്കായി 3362500 രൂപ ലോൺ കൊടുക്കുവാൻ സാധിച്ചു. 3388500 രൂപ തിരികെ ലഭിച്ചിട്ടു ണ്ട്. തിരികെ അടച്ചവരോടുള്ള നന്ദി അറിയിക്കുന്നു.

കോ-ഓർഡിനേറ്ററുടെ ചുമതല നിർവ്വഹിക്കാത്തവർ എത്രയും വേഗം ചുമതല ഒഴിഞ്ഞ് ബഹു. വികാരിമാരെ വിവരം ധരിപ്പിക്കണം. പള്ളി പൊതുയോഗമോ കമ്മിറ്റിയോ കൂടി പുതിയ കോ-ഓർഡിനേറ്ററെ തെര ഞ്ഞെടുത്ത് പേരും അഡ്രസും ഫോൺ നമ്പരും ട്രസ്റ്റിനെ അറിയിക്കണ മെന്ന് ഓർപ്പിക്കുന്നു.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം പുതിയ അപേക്ഷകൾ ധാരാളം ലഭിക്കുന്നുണ്ട്. കുടിശ്ശിഖ അടയ്ക്കാനുള്ളവർ സഹകരിച്ചെങ്കിൽ മാത്രമേ പുതിയ അപേക്ഷകൾ പരിഗണിക്കുവാൻ സാധിക്കുകയുള്ളു.

എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

സസ്നേഹം

**ഫാ.കെ.കെ. ഏബ്രഹാം**
കുറ്റിയിൽ
(എക്സിക്യൂട്ടീവ് ട്രസ്റ്റി)

**തമ്പാൻ തോമസ്**
കോളഭാഗത്ത്
(എക്സിക്യൂട്ടീവ് ട്രസ്റ്റി)

# ആശ്രയിൽ ഡയാലിസിസ് കിറ്റ് വിതരണം

ഗാന്ധിനഗർ: കഴിഞ്ഞ 18 വർഷമായി മെഡി ക്കൽ കോളേജിന് സമീപം പ്രവർത്തിച്ചുവ രുന്ന ആശ്രയ ചാരിറ്റബിൾ ട്രസ്റ്റിന്റെ ആഭി മുഖ്യത്തിൽ നിർദ്ധനരായ വൃക്ക രോഗി കൾക്ക് മാസംതോറും നൽകി വരുന്ന 62-ാം മത് സൗജന്യ ഡയാലിസിസ് കിറ്റ് വിത രണം ആവശ്യമുള്ളവർ 2025 മാർച്ച് 5 ന് മുമ്പായി തന്നെ രജിസ്റ്റർ ചെയ്യേണ്ടതാണ്. **ആശ്രയയുടെ മറ്റ് പ്രധാന പ്രവർത്തന ങ്ങൾ:** ചികിത്സയ്ക്കായി മെഡിക്കൽ കോളേജിൽ വരുന്ന രോഗികൾക്കും കൂട്ടി രിപ്പുകാർക്കുമായി 150 ഓളം പേർക്ക് സൗജന്യ താമസസൗകര്യവും ഭക്ഷണവും ഞായർ ഒഴികെ എല്ലാം ദിവസവും ഗൈന ക്കോളജി ബ്ലോക്കിലും ആശ്രയയിലും 12 മണി മുതൽ. സൗജന്യ ഉച്ചഭക്ഷണം, കൗൺസിലിംഗ്, രോഗികൾക്കുവേണ്ടി പ്രാർത്ഥന, രക്തദാനം, സൗജന്യ വസ്ത്ര വിതരണം, ആശുപത്രി സന്ദർശനം തുടങ്ങി യവയാണ് മറ്റു പ്രവർത്തനങ്ങൾ

എന്ന് സെക്രട്ടറി

**ഫാ. ജോൺ ഐയ്പ്പ് മങ്ങാട്ട്**
Ph: 9400280965 ●

# ശ്ലീഹന്മാരുടെ തലവനായ വി.പത്രോസ്

ഉണ്ണി ഏബ്രഹാം കൊറ്റുചാലിൽ, ഇരവിപേരൂർ

ഫെബ്രുവരി 22, ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ അന്ത്യോഖ്യ സിംഹാസന സ്ഥാപനദിനം അഥവാ പാത്രിയർക്കാദിനം. ശ്ലീഹന്മാരുടെ തലവൻ പത്രോസാണെന്ന് ശ്ലീഹന്മാർ എല്ലാവരും തുല്യരാണെന്ന് പറയുന്നത് പ്രോട്ടസ്റ്റന്റ് കാരാണെന്നും അത് വേദവിപരീതം ആണെന്നും സുറിയാനിസഭ വിശ്വസിക്കുന്നു. സുറിയാനിസഭാ പിതാക്കന്മാരായ വി.ഇഗ്നാത്തിയോസ് (AD 107-168), വി. ഇറാനിയോസ് (AD 140-202), വി.ക്ലീമ്മീസ് (AD 180-261), തെർത്തുല്യൻ (AD 160-222), ഒറിജിൻ (AD 155-254), വി. യൗസേബിയോസ് (AD 265-340), വി. അപ്രേം (AD 306-373), സ്വർണ്ണനാവുകാരൻ ഈവാനിയോസ്, (AD 344-407), വി. ജറോം (AD 372-419), വി.അഗസ്റ്റീനോസ് (AD 354-430) എന്നിവരും, പൂർവ്വസഭാപിതാക്കന്മാരും ശ്ലീഹന്മാരുടെ കാനോനുകളും എല്ലാം ഒരേ ശബ്ദത്തിൽ പറയുന്നു, ശ്ലീഹന്മാരുടെ തലവൻ വി.പത്രോസാണെന്നും അദ്ദേഹം AD 37 ൽ അന്ത്യോഖ്യായിൽ തന്റെ സഹപ്രവർത്തകരുടെ സാന്നിദ്ധ്യത്തിൽ ക്രിസ്തീയ സഭാ ഭരണത്തിനുള്ള സിരാകേന്ദ്രം അഥവ ശ്ലൈഹിക സിംഹാസനം സ്ഥാപിച്ചുവെന്നും ഇത് ലോകത്തിലെ എല്ലാ എപ്പിസ്ക്കോപ്പൽ സഭകളും അംഗീകരിക്കുന്ന വസ്തുതയാണ്.

റോമൻ കത്തോലിക്കാസഭയിലെ നാലു വാർഷികപെരുന്നാളുകളിൽ ആദ്യത്തേത് ഫെബ്രുവരി 22 വി. പത്രോസിന്റെ അന്ത്യോഖ്യാ സിംഹാസന സ്ഥാപന ദിനമായി പെരുന്നാളുകളുടെ പട്ടികയിൽ ചേർത്ത് ആചരിച്ചു പോരുന്നു. യേശുക്രിസ്തു താൻ ആരെന്ന് എല്ലാ ശിഷ്യരോടും കൂടിയാണ് ചോദിച്ചതെങ്കിലും പിതാവായ ദൈവം വെളിപ്പെടുത്തി കൊടുത്തത് വി. പത്രോസിനായിരുന്നു."ബർയോനായ ശീമോനെ നീ ഭാഗ്യവാൻ ജഡരക്തങ്ങളല്ല. സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കിത് വെളിപ്പെടുത്തിയത്. നീ പത്രോസാകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനേ ജയിക്കുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളെ ഞാൻ നിനക്ക് തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്തായി 16:17–20). "ശീമോനെ സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന് അനുവാദം ചോദിച്ചു. എന്നാൽ ഞാൻ നിന്റെ വിശ്വാസം പൊയ്പോകാതിരിക്കാൻ നിനക്കുവേണ്ടി അപേക്ഷിച്ചു. നീ ഒരു സമയം തിരിഞ്ഞുവന്ന ശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊൾക (ലൂക്കോ. 22:31–32). സാത്താൻ എല്ലാവരേയും പരീക്ഷിക്കാനാണ് കല്പന ചോദിച്ചതെങ്കിലും കർത്താവ് ശീമോനുവേണ്ടി മാത്രമാണ് അപേക്ഷിച്ചത്. നേതാവ് ശരിയാണെങ്കിൽ അണികളും നേരെയാകുമെന്ന് കർത്താവിനറിയാമായിരുന്നു.

വി.വേദപുസ്തകത്തിലെ പുതിയനിയമത്തിൽ ഉടനീളം വി.പത്രോസിന്റെ പേര് പരാമർശിച്ചിരിക്കുന്നു. എന്നാൽ മറ്റ് ശ്ലീഹന്മാരെപ്പറ്റി അങ്ങനെ കാണുന്നില്ല. കർത്താവ് തന്റെ സ്വന്തം പേരാണ് ശീമോൻ പത്രോസുമായി പങ്കുവയ്ക്കുന്നത് (1 കൊരി. 10:5, മത്തായി 16:18). അന്ത്രയോസ് ശിഷ്യസമൂഹത്തിലെ ആദ്യത്തെ ആളും എല്ലാവരേക്കാൾ പ്രായമുള്ളവനായിരുന്നിട്ടും കർത്താവ് അവനെ തലവനാക്കിയില്ല. യോഹന്നാൻ ശിഷ്യസമൂഹത്തിലെ ഏറ്റവും പ്രായം കുറഞ്ഞവനും പ്രിയ ശിഷ്യനുമായിരുന്നിട്ടും അവനെയും തലവനാക്കിയില്ല.

"നീ ഒരുനാൾ തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ നിരപ്പിച്ചു കൊൾക"യെന്ന് പറഞ്ഞ് കർത്താവ് വലിയ ഒരു ഉത്തരവാദിത്വമാണ് പത്രോസിനെ ഏല്പിച്ചത്. തന്റെ ഉയർത്തെഴുന്നേൽപ്പിനുശേഷം തന്റെ ആടുകളെ മേയിക്കാനുള്ള അധികാരം മറ്റ് ശിഷ്യന്മാരുടെ സാന്നിദ്ധ്യത്തിൽ കർത്താവു പത്രോസിനെ ഏൽപ്പിക്കുന്നതായി കാണാം.(യോഹ. 21:15–17). വി.വേദപുസ്തകത്തിലും ആരാധനാക്രമങ്ങളിലും കാനോനിക പ്രാർത്ഥനകളിലുമെല്ലാം വി.പത്രോസിനെപ്പറ്റിയുള്ള എണ്ണമില്ലാത്ത വിവരങ്ങൾ കാണാം. എന്നാൽ മറ്റു ശിഷ്യന്മാരെപ്പറ്റി അങ്ങനെ കാണുന്നില്ല. Eg: "പിതാവായ മാർത്തോമാ നിന്നെ വി.പത്രോസിന്റെ സഭയിൽ ഞങ്ങൾക്ക് കാണുവാനിടയാകേണമേ" (ചൊവ്വാ പ്രഭാത പ്രാർത്ഥന **പേജ് 210**കോലോ)

ബുധൻ രാത്രി പേജ് 258 "യഥാർത്ഥ ഇടയനും ജ്ഞാനിയായ ഭരണക്കാരനും പത്രോസിനെപ്പോലെ സഭയുടെ അടിസ്ഥാനവുമായുള്ളോവേ സമാധാനത്താലെ വരുക".

കർത്താവ് ഇട്ട അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും സാദ്ധ്യമല്ല (1 കൊരി.3:11) വി.പൗലോസ് ശ്ലീഹാ പോലും (ഫിലി.3:5–6) ദർശനം അനുസരിച്ച് തൂണുകളായി എണ്ണപ്പെട്ടിരുന്ന പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരുടെ പക്കൽ ചെന്ന് കൈവയ്പ് സ്വീകരിച്ച് പത്രോസിന്റെ ആട്ടിൻകൂട്ടത്തിൽ ഒരാളായി തീർന്നു (Aproval) (ഗല.2:9). അപ്പോ. പ്രവൃത്തികളിൽ ഉടനീളം മറ്റു ശ്ലീഹന്മാർ പത്രോസിന്റെ പ്രഥമസ്ഥാനം അംഗീകരിച്ച് പ്രവർത്തിച്ചിരുന്നതായി കാണാം (അപ്പോ.2:14). പഴയനിയമസഭയിൽ കർത്താവിന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു സിംഹാസനമേ ഉണ്ടായിരുന്നുള്ളൂ. അത് മോശയുടെ സിംഹാസനമായിരുന്നു. (മത്തായി 23:1–3) പുതിയനിയമസഭയിൽ വി.പത്രോസിന്റെയും. പല കാര്യങ്ങളിലും പ്രഗത്ഭരായ മഹാപുരോഹിതന്മാർ എഴുന്നേറ്റിട്ടുണ്ട്. എന്നാൽ അവരെല്ലാം 'അൽ കുർസിയോ മൂശേയിസേബ്' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. പൗരോഹിത്യനൽവരത്തെക്കുറിച്ച് പത്രോസിന് വ്യക്തമായ അറിവുണ്ടായിരുന്നു. (1 പത്രോ. 2:9) "ജനത്തിന്റെ മതോപദേഷ്ഠാക്കൾ ജ്ഞാനത്തിന്റെ താക്കോൽ പിടിച്ചിരിക്കുന്നു' (ലൂക്കോസ് 11:52). "ദൈവജനത്തിന്റെ രാജാവ് ദാവീദ് ഗ്രഹത്തിന്റെ താക്കോൽ പിടിച്ചിരിക്കുന്നു" (യെശ. 22:22). പത്രോസിന്റെ പക്കൽ രാജ്യത്തിന്റെ താക്കോൽ കർത്താവ് ഏല്പിച്ചു (മത്തായി 16:13–17). കർത്താവിന്റെ കുരിശുമരണത്തിനും ഉയർപ്പിനും ഇടയിൽ കർത്താവ് പാതാളപ്രവേശനം നടത്തി

ആദാംമുതൽ ഉള്ള പരേതരോട് സുവിശേഷം അറിയിച്ചതായി ഉള്ള ദർശനം ലഭിച്ചതും വി. പത്രോസിനായിരുന്നു (പത്രോ.3:20).

1. ശ്ലീഹന്മാരിൽ തലവന്മാരായ ഉന്നതപ്പെട്ട പത്രോസും മാർ പൗലോസും (വി. കുർബ്ബാനയിലെ 4-ാം തുബ്ദേൻ)

2. നല്ലിടയാ ഭരണ സമർത്ഥാ നീ
വന്നീടുക രമ്യാശയനായി
കീപ്പാപോൽ സഭയിൻ അടിസ്ഥാനം (ഞായറാഴ്ച പ്രാർത്ഥന)

3. പരിവൃതയാം പരിപാവന സഭയെ
വാനോൻ കാന്തൻ വെട്ടൊരുനേരം
വീടിൻഭരണം - ശീമോനെ
സുവിശേഷം - യോഹന്നാനെ (വിവാഹകൂദാശ)

4. യൗനാൻ തൻ തനയാ
ശ്ലീഹഗണപ്രമുഖാ
ഈശോദൈവസുതൻ
മ്ശിഹായെന്നുര ചെയ്തവനെ
അനുതാപീ മാർ പത്രോസേ (പെരുന്നാൾ ഗീതം)

5. സഭ പണിതാൻ കർത്തൻ
ശെമവോൻ കീപ്പാമേൽ
(ദൈവാലയത്തിൻ മൂറോൻ കൂദാശ)

"യൗസേപ്പും നിക്കോദിമോസും കൂടി കർത്താവിന്റെ ശരീരത്തിൽ പൂശിയ **അകിലും മൂറും** ശ്ലീഹന്മാർ കർത്താവിന്റെ കബറിൽ നിന്നെടുത്ത് അതോടുകൂടി സ്ത്രീകൾ തന്നെ പൂശുവാൻ കൊണ്ടുവന്ന സുഗന്ധവർഗ്ഗങ്ങളും സൈത്തെണ്ണയും ചേർത്ത് ശ്ലീഹന്മാർ വി. പത്രോസിന്റെ പ്രധാന കാർമ്മികത്വത്തിൽ ആദ്യത്തെ മൂറോൻ കൂദാശ നടത്തി" (സഭ ക്രമങ്ങളുടെ വ്യാഖ്യാനപുസ്തകം പേജ് 76). കർത്താവ് പത്രോസ് ഭാഗ്യവാനാണെന്ന് പ്രഖ്യാപിച്ചതിനാൽ "ശ്ലീഹന്മാരുടെ തലവനായ വി.പത്രോസിനും അവൻ മുഖാന്തിരം സകലലോകത്തിനും ലഭിച്ച പൗരോഹിത്യം ഇവനും നൽകേണമേ" എന്ന ഉൽകൃഷ്ടപ്രാർത്ഥന പിതാക്കന്മാർ എഴുതി (സുറിയാനി ഓർത്തഡോക്സ് സഭയിലെ കശ്ശീശാ പട്ടവും കൊടുക്കുന്ന സെദറ).

കർത്താവും പത്രോസും തമ്മിലുള്ള ഉടമ്പടിപ്രകാരം കർത്താവിനുവേണ്ടി പത്രോസ് ദൃശ്യസഭയുടെ തലവനാകുന്നു. (മത്തായി 16:13-19). ക്രിസ്തുശരീരത്തിന്റെ രക്ഷിതാവും സഭയുടെ തലയുമാകുന്നു. സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നു (എഫെ.5:23). ശിരസ്സില്ലാതെ ശരീരത്തിൽ ഒന്നു പ്രവർത്തിക്കുകയില്ല. അതു വെറും ശവമാകുന്നു. അതുപോലെ തന്നെയാണ് ക്രിസ്തുവിനെ ഉപേക്ഷിച്ചുകൊണ്ടുള്ള വി. സഭയുടെ പ്രവർത്തനങ്ങളും. വി.സഭയുടെ താക്കോലും സഹോദരന്മാരെ നിരപ്പിക്കുന്നതിനുള്ള അധികാരവും കർത്താവ് പത്രോസിനെ ഏല്പിച്ചതിനാൽ സഭയുടെ തലവൻ പത്രോസും കാലാകാലങ്ങളിൽ അദ്ദേഹത്തിന്റെ പിൻഗാമികളുമാണ്. (യോഹ.13:20, മത്തായി 10:40). ആകയാൽ വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ അന്ത്യോഖ്യായുടെ 123-ാ മത്തെ പാത്രിയർക്കീസായ മോറാൻ മോർ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പരി. സഭയുടെ ആത്മീയ പരമാധികാരിയാകുന്നു. ●





**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.

**എലിസബേത്ത്, ഓതറ**

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**

**ഒരു വിശ്വാസി, വാകത്താനം**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**നോയൽ റ്റോമിച്ചൻ**

**ഒരു വിശ്വാസി യു.എസ്.എ**

**ഒരു വിശ്വാസി, ചിങ്ങവനം**

**ലീലാമ്മ ചെറിയാൻ**

**ലീലാമ്മ കാരയ്ക്കാട്ട്**

## സ്ഥലം വില്പനയ്ക്ക്

**റാന്നി ഇട്ടിയപ്പാറ Y.M.C.A യ്ക്ക് സമീപം 15 സെന്റ് സ്ക്വയർ പ്ലോട്ട് (കിണർ സഹിതം) സ്ഥലം വില്പനയ്ക്ക്**

**Ph. 9447455890**


## Bible Quiz (English) For Children

### January Answer

1. Moses
2. The sun, the moon, and the stars
3. Adam
4. Eve
5. A rib
6. Serpent
7. Cherubim.
8. In the book of Judges
9. Philistive
10. A donkey's Jawbone

# അനുഗ്രഹം പിടിച്ചുവാങ്ങിയ അനുഭവം

സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

യഹൂദ ജനതയുടെ ആരാധ്യനായ ഗോത്രപിതാവാണ് യാക്കോബ്. ദൈവം നേരിട്ട് അദ്ദേഹത്തിന് ഒരു പേരു നൽകി – യിസ്രായേൽ. ആ പേര് ആ ജനതയ്ക്കും അവരുടെ രാജ്യത്തിനും പിന്നീട് കൈവന്നു. വിഖ്യാതനായ യാക്കോബിനെപ്പറ്റി ബൈബിളിൽ നൽകിയിട്ടുള്ള ഒരു കഥ പ്രാർത്ഥനാനുഭവത്തിന്റെ വിവിധ തലങ്ങളിലേക്കു വെളിച്ചം വീശുന്നതാണ്. ഉല്പത്തി 27, 28 അദ്ധ്യായങ്ങളിൽ കാണാം.

യാക്കോബ് തന്റെ ഏകസഹോദരൻ ഏശാവുമായി ശത്രുതയിലാണ്. തന്മൂലം വീട് വിട്ട് ഒളിച്ചോടിപ്പോകേണ്ടി വന്നു. ഒന്നര ദശാബ്ദത്തിനുശേഷം യാക്കോബ് വീട്ടിലേക്കു തിരിച്ചെത്തുകയാണ്. താൻ വഞ്ചിച്ച സഹോദരനെ എങ്ങനെ അഭിമുഖീകരിക്കുമെന്ന ആശങ്ക മനസ്സിലുണ്ട്. കൗശലക്കാരനായ യാക്കോബ് ഉപഹാരങ്ങൾ നേരത്തെ കൊടുത്തയച്ച് സഹോദരനെ പ്രീണിപ്പിക്കാൻ ശ്രമിച്ചു. ഏശാവിന്റെ പ്രതികരണം എന്തായിരിക്കും? യാക്കോബ് തന്റെ കുടുംബാംഗങ്ങളെയും ആടുകളെയും ഒരു പുഴകടത്തി അക്കരയ്ക്കുവിട്ട് ഏകനായി ആ വിജനസ്ഥലത്ത് രാത്രി കഴിച്ചു. നല്ല ഇരുട്ട്. ആരോ ഒരാൾ അവിടെ ആഗതനായി. യാക്കോബുമായി മൽപ്പിടുത്തിന് ഒരുമ്പെട്ടു. കൂരിരുട്ടിൽ തന്റെ എതിരാളി ആരെന്നു യാക്കോബിനു തെല്ലു മനസ്സിലായില്ല. രണ്ടുപേരും വിട്ടുകൊടുക്കുന്ന മട്ടുമില്ല. ഏതാണ്ട് പുലരുവോളം മൽപ്പിടിത്തം തുടർന്നു. പ്രഭാതമായപ്പോൾ എതിരാളി യാക്കോബിനോട് പറഞ്ഞു "എന്നെ വിടൂ, ഇതാ പ്രഭാതമായി". അപ്പോൾ യാക്കോബ് പറഞ്ഞു "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല". അവസാനം മൽപ്പിടിത്തം നടത്തിയ ആളോട് യാക്കോബ് അനുഗ്രഹം വാങ്ങി. അനുഗ്രഹം ലഭിച്ചു കഴിഞ്ഞപ്പോഴാണ് മനസ്സിലായത് താൻ ദൈവത്തോടാണ് മൽപ്പിടുത്തം നടത്തിയതെന്ന്. അപ്പോൾ യാക്കോബ് പറഞ്ഞു: "ഞാൻ ദൈവത്തെ മുഖാമുഖം ദർശിച്ചു എന്നിട്ടും ഞാൻ ജീവനോടിരിക്കുന്നു" എന്നു പറഞ്ഞ് ആ സ്ഥലത്തിന് പെനിയേൽ എന്നു പേരിട്ടു. അപ്പോൾ സൂര്യൻ ഉദിച്ചു എന്നും രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇത് ഹൃദ്യമായ ഒരു കഥ എന്നതിലുപരി പ്രാർത്ഥനാനുഭവത്തിന്റെ പ്രധാനപ്പെട്ട പല മേഖലകളിലേക്ക് വെളിച്ചം വീശുന്നു.

1. അനുഗ്രഹങ്ങൾ നൽകുന്ന ദൈവം തന്നെ നമ്മെ അല്പസമയത്തേക്ക് അഗ്നിപരീക്ഷയിൽ കൂടി കടത്തി എന്നു വരാം. അപ്പോൾ നിരാശ ബാധിച്ചു തളർന്നു പോകാനിടയാകരുത്. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. നമ്മുടെ കരുത്തും നിശ്ചയദാർഢ്യവും വെളിപ്പെടുത്താനുള്ള അവസരമായി അത് എടുക്കണം.

2. പ്രാർത്ഥനയും ജാഗരണവും സുസാധ്യമാക്കുന്നതിന് ഇതരകാര്യങ്ങളിൽ നിന്നുള്ള പിൻവാങ്ങൽ ആവശ്യമാണ്. അതാണ് യാക്കോബ് ചെയ്തത്. കുടുംബാംഗങ്ങളെയും സമ്പത്തുകളെയും എല്ലാം അക്കരയ്ക്കു വിട്ടിട്ട് ഏകാന്തനായി കഴിഞ്ഞു. അപ്പോഴാണ് ദൈവത്തിന്റെ കടന്നുവരവ്. ഒച്ചപ്പാടുകളും കോലാഹലങ്ങളും നിറഞ്ഞ അന്തരീക്ഷത്തിൽ ദൈവത്തോടു സംസാരിക്കുവാനോ ദൈവത്തിന്റെ ശബ്ദം കേൾക്കുവാനോ സാധ്യമല്ല.

3. പിന്മാറാത്ത വിശ്വാസം പ്രാർത്ഥനക്കാവശ്യമാണ്. നാമിന്ന് 'ഇൻസ്റ്റന്റ്' സംസ്ക്കാരത്തിൽ ജീവിക്കുന്നവരാണ്. എല്ലാം തൽക്ഷണം ലഭ്യമാക്കണം. ഭക്ഷണകാര്യത്തിലും ഇന്ന് 'ഫാസ്റ്റ്ഫുഡ്' സംസ്ക്കാരം വ്യാപകമാവുകയാണ്. നാട്ടിൽപുറങ്ങളിൽപോലും വഴിയോരങ്ങളിൽ തട്ടുകടകളുടെ മുമ്പിൽ എഴുതിവച്ചിട്ടുള്ളത് 'ഫാസ്റ്റ്ഫുഡ്' എന്നാണ്. അത്തരം ഭക്ഷണങ്ങളുടെ ദോഷവശങ്ങളൊന്നും നമ്മുടെ ചിന്തയിൽ കടക്കുന്നില്ല. ദീർഘവും കഠിനവുമായ അദ്ധ്വാനത്തിൽക്കൂടി ധനം സമ്പാദിക്കുവാനല്ല ക്ഷണത്തിൽ കോടിപതികളാകാനാണ് മോഹം. കാണുകയും കേൾക്കുകയും ചെയ്യുന്ന പരസ്യങ്ങൾ അതിനു പ്രേരിപ്പിക്കുന്നതുമാണ്. എന്നാൽ പ്രാർത്ഥന ഒരു തപസ്യയാണ്. ജാഗരണവും പ്രാർത്ഥനയുടെ ഒരു മുഖമാണ്. 'നിങ്ങൾ മടുത്തുപോകാതെ പ്രാർത്ഥിപ്പിൻ' എന്നു യേശുക്രിസ്തു ഉപദേശിച്ചിട്ടുള്ളത് ഇവിടെ അനുസ്മരിക്കാം. ലോകത്തിന്റെ സമ്മർദ്ദവും പോരാട്ടവും നിമിത്തം നിരാശപൂണ്ട് പ്രാർത്ഥനയിൽ നിന്നു പിൻമാറിപ്പോകുന്നവരുണ്ട്.

പ്രാർത്ഥനയുടെ അസ്ഥിവാരം ഉറച്ച വിശ്വാസമാണ്. വിശ്വാസപൂർവ്വം പ്രാർത്ഥിച്ചാൽ അതൊരിക്കലും ഫലശൂന്യമാകയില്ല. "വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ഈ നിൽക്കുന്ന അത്തിവൃക്ഷത്തോടു കടലിൽ വീഴുക എന്നു പറഞ്ഞാൽ അതു സംഭവിക്കും" എന്നാണ് യേശുക്രിസ്തു ഉദ്ബോധിപ്പിച്ചത്. വിശ്വാസമില്ലാത്ത പ്രാർത്ഥന ആത്മാർത്ഥതയില്ലാത്ത സ്നേഹപ്രകടനംപോലെയാണ്.

നമ്മുടെ ഹൃദയവികാരങ്ങളും ഭാവങ്ങളും ഒരു പക്ഷേ മറ്റുള്ളവർ അറിഞ്ഞെന്നു വരികയില്ല. എന്നാൽ ദൈവത്തിന്റെ മുമ്പിൽ ഒരു നാട്യവും വിലപ്പോകുകയില്ല. നിർമ്മലമായ വിശ്വാസവും നിശ്ചയദാർഢ്യത്തോടെയുള്ള പ്രത്യാശയും അർപ്പിച്ചു നാം പ്രാർത്ഥിക്കുമ്പോൾ അത് അംഗീകരിച്ചു സർവ്വശക്തൻ നമുക്കു ഫലം നൽകുന്നു.




## പൂവൻകോഴിയുടെ പ്രഭാത ഗീതം

കോഴിയും നായയും ചങ്ങാതിമാരാണ്. അവർ ഒരു യാത്ര പുറപ്പെട്ടു വഴിമദ്ധ്യേ ഒരു കാടുണ്ട്. അതു കടന്നുവേണം ലക്ഷ്യത്തിലെത്താൻ.

കാട്ടിലൂടെ അവർ പോകുമ്പോൾ രാത്രിയായി ഇനി എവിടെയെങ്കിലും വിശ്രമിക്കണം. അതിനു പറ്റിയ വലിയ ഒരു മരവും അവർ കണ്ടെത്തി.

പൂവൻകോഴി നായയോടു പറഞ്ഞു: 'ഞാൻ മുകളിലുള്ള ഒരു കൊമ്പിൽ പറന്നുചെന്ന് അവിടെയിരുന്ന് ഉറങ്ങാം. താഴെയുള്ള മരപ്പൊത്തിൽ താങ്കളും ഉറങ്ങിക്കൊള്ളു.'

നേരം പുലരാറായപ്പോൾ പതിവുപോലെ പുവൻകോഴി ഉണർന്നുകൂകി. അത് കേട്ട നായ് വിളിച്ചു പറഞ്ഞു. 'നല്ലവണ്ണം പുലരട്ടെ സുഹൃത്തേ! എന്നിട്ടാകാം യാത്ര.' നായ പൊത്തിനുള്ളിൽ വീണ്ടും ചുരുണ്ടുകൂടി ഉറക്കമായി.

അത്താഴത്തിന് ഒന്നും കിട്ടാതിരുന്നതുമൂലം ക്ഷീണിതനായി നടന്ന ഒരു കുറുക്കൻ പുവൻ കോഴിയുടെ കൂകൽ കേട്ടു. അത് ആ വലിയ മരത്തിന്റെ ചുവട്ടിലെത്തി.

ഹാ! എത്ര അർത്ഥവത്തായ ഗീതം! അതിനു ചേർന്നവിധം മധുരമായ ശബ്ദവും!' അഭിപ്രായ പ്രകടത്തിനുശേഷം കുറുക്കൻ ചോദിച്ചു. 'സുഹൃത്തേ! ദയവായി ഇറങ്ങി വരാമോ? എന്നെക്കൂടി ഈ പ്രഭാതഗീതം പഠിപ്പിക്കാമോ?'

'ഓ! അതിനെന്താ? എനിക്ക് സന്തോഷമേയുള്ളു.' അൽപ്പം ആലോചിച്ചശേഷം പൂവൻകോഴി പറഞ്ഞു. 'പക്ഷേ, വാതിൽ പുറത്തുനിന്നും പൂട്ടിയിരിക്കുകയാണ്. എന്റെ പോർട്ടർ താഴെ മുറിയിൽ ഉറങ്ങുന്നുണ്ട്. അയാളെ വിളിച്ചുണർത്തിയാലേ കാര്യം നടക്കൂ.'

അതു കേട്ട് മരത്തിനു ചുറ്റും നടക്കാൻ തുടങ്ങിയ കുറുക്കന്റെമേൽ നായ ചാടിവീഴുകയും അതിനെ കടിച്ചുകീറുകയും ചെയ്തു.

***ശത്രുവിനെ വകവരുത്താൻ തന്നെക്കാൾ പ്രാപ്തനും ശത്രുവെക്കാൾ ശക്തനുമായ ആളെ അയച്ച് ബുദ്ധിമാൻമാർ ആപത്ത് ഒഴിവാക്കുന്നു.***

# ബാലദീപം ക്വിസ്

### അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ

**1 രാജാക്കന്മാർ പുസ്തകം**

**ഫെബ്രുവരി മാസത്തിലെ ചോദ്യങ്ങൾ**

1. ശലോമോന്റെ അമ്മയുടെ പേരെന്ത്?
2. ആരുടെ നരയെയാണ് രക്തത്തോടെ പാതാളത്തിലേക്ക് അയയ്ക്കുവാൻ ദാവീദ് ശലോമോനോട് പറഞ്ഞത്?
3. ശലോമോൻ യഹോവയുടെ പൗരോഹിത്യത്തിൽ നിന്നും നീക്കിക്കളഞ്ഞതാരെ?
4. യോവാബിനെ അടക്കം ചെയ്തതെവിടെ?
5. ശലോമോന്റെ പുരോഹിതൻ ആര്?
6. ശലോമോന്റെ സദൃശ്യ വാക്യങ്ങളെത്ര?
7. 'ഇരുമ്പുല' എന്നു വിശേഷിപ്പിച്ചിരിക്കുന്ന രാജ്യം ഏത്?
8. എഫ്രേയീം മലനാട്ടിൽ ശെഖേം പണിതു അവിടെ പാർത്തവൻ ആര്?
9. ഏതു തോട്ടിന്നരികെയാണ് ഏലിയാവ് ഒളിച്ചിരുന്നത്?
10. ആനക്കൊമ്പുകൊണ്ട് അരമന പണിതവൻ ആര്?

### ജനുവരി മാസത്തിലെ ഉത്തരങ്ങൾ

1. അമാലേക്യർ (2 ശമുവേൽ 1:10)
2. നേർ (2:9)
3. ബേത്‌ലഹേമിൽ അവന്റെ അപ്പന്റെ കല്ലറയിൽ (2:12)
4. അമ്നോൻ (3:2)
5. ഫല്തീയേൽ (3:16)
6. ഹെബ്രോനിൽ (3:32)
7. മെഫീബോശെത്ത് (4:4)
8. ദാവീദ്, സാദോക്കിനെ (15:27)
9. സീബ (19:17)
10. ദാവീദ് (24:17)

### Bible Quiz (English) For Children
### February - The Book of Esther

1. The king Ahasuerus became angry with___, because she disobeyed him
2. Mordecai was what relation to Esther?
3. Mordecai refused to bow to Haman because Mordecai was a_____ ?
4. To replace his sackcloth, Esther sent Mordecai_____?
5. Esther asked the Jews to do what before she spoke to the king_______?
6. After Hamans death the king gave Mordecai a________?
7. At the banquet, whom did Esther reveal was the enemy?
8. What did the king do when Esther found favour with him ______?
9. To show Esther that her life had been spared, the king_______?
10. According to the book of Esther, when should the holiday be observed?

## സേവേറിയോസ് ക്നാനായ കോളേജ്, തോട്ടയ്ക്കാട്





യൂറോപ്പിലെ പുരാതനവും പ്രസിദ്ധവുമായ Cumbria University യുടെ പ്രതിനിധികൾ ക്നാനായ സമുദായം തോട്ടയ്ക്കാട്ട് നിർമ്മാണം പൂർത്തിയായി കൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജ് സമുച്ചയം 20/01/2025–ൽ സന്ദർശിച്ചു.



മലങ്കര സുറിയാനി ക്നാനായ സമുദായം വൈദിക യോഗം സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ക്നാനായ ദീപം മാനേജിങ് എഡിറ്റർ ഫാ. ജേക്കബ് കല്ലുകുളം



Congratulations to
**Prof. Roy Melel**
on being appointed
as the Manager of
St. Thomas College,
Ranny,
and
St. Thomas College
of Advanced Studies,
Edamury


## Congratulations



**Dr. Kevin Abraham Saju**
Endodontics
&
Conservative
Dentistry
BDS, MDS

*കർണ്ണാടക രാജീവ് ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും (2024)* MDS *ന് ഉന്നത വിജയം കരസ്ഥമാക്കിയ* Dr. ***കെവിൻ എബ്രഹാം സജുവിന്*** *ആശംസകൾ. റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകാംഗമായ കൈപ്പുഴ കാമുണ്ടകത്തിൽ സജു എബ്രഹാമിന്റെയും മിനിയുടെ മകനാണ്.*

*Best Compliments from*

Mini Super Shoppe Ranni, Mini Home Gallery (Ranni & Chittar), Kanbros Distributors Ranni, Abraham & Sons Distributors Ranni

Advt -O


## ഇന്റർ ചർച്ച് കൗൺസിൽ



ഇന്റർ ചർച്ച് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എറണാകുളം പാലാരിവട്ടത്ത് ഇന്ന് (28/1/2025) നടന്ന വിവിധ ക്രൈസ്തവ സഭകളിലെ ബിഷപ്പുമാരുടെ യോഗത്തിൽ അഭിവന്ദ്യ കർദിനാൾ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും പങ്കെടുത്തു.

# ക്നാനായ സഭാദിനം, 21 – ാം മെത്രാഭിഷേകദിനം ആശംസകൾ ക്നാനായദീപം & ക്ലീമിസ് പ്രസ്സ്



ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ 21 – ാം മെത്രാഭിഷേക വാർഷികത്തിൽ ക്നാനായദീപത്തിന്റെയും ക്ലീമിസ് പ്രസ്സിന്റെയും ആശംസകൾ അറിയിക്കുന്നു. ഫാ. ജേക്കബ് കല്ലുകുളം (മാനേജിംഗ് എഡിറ്റർ) റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ (സമുദായ സെക്രട്ടറി), ഫാ. ഷെറിൻ കൊല്ലംപറമ്പിൽ (ക്ലീമിസ് പ്രസ്സ് മാനേജർ), റ്റി. സി. തോമസ് തോപ്പിൽ (സമുദായ ട്രസ്റ്റി) ബെന്നി കരിയിൽ, സോണി ജേക്കബ് കുന്നുംപുറത്ത്, സി. യാക്കോബ് ഓലിയപുറത്ത്, മാത്യു ഏബ്രഹാം പാരുമലയിൽ, ഷിനോ ജോസഫ് കല്ലൂർ തുണ്ടിയിൽ എന്നിവർ സമീപം.

## ക്നാനായ വനിതാ സമാജം സ്നേഹ ഭവനം പദ്ധതി







ക്നാനായ വനിതാ സമാജം ചിങ്ങവനം മേഖല നടപ്പിലാക്കുന്ന സ്നേഹ ഭവനം പദ്ധതിയിലെ പുല്ലരിക്കുന്നിൽ പണിത രണ്ടാമത്തെ ഭവനത്തിന്റെ കൂദാശയും താക്കോൽ ദാനവും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മാർ സേവേറിയോസ് നിർവഹിച്ചു. മേഖലാ പ്രസിഡണ്ട് ഫാ. ജേക്കബ് കല്ലുകുളം അധ്യക്ഷത വഹിച്ചു. ഷിനോ ജോസഫ് കല്ലൂർ തുണ്ടിയിൽ, രൂപേഷ് പെരുമ്പള്ളിപറമ്പിൽ, റോയി പുത്തൻപുരയ്ക്കൽ വനിതാ സമാജം ഭാരവാഹികളായ സലീമ ജോസഫ് പെരുമാച്ചേരിൽ, ഓമന സാബു മടത്തി പറമ്പിൽ, ജെസ്സി ചാക്കോ കുന്നേൽ എന്നിവർ സമീപം.





കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ (KCC) വാർഷിക അസംബ്ലിയുടെ ഉദ്ഘാടനം ക്നാനായ സമുദായ മെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലിത്താ നിർവഹിക്കുന്നു.

## ക്നാനായ കോൺഗ്രസ്സ് 2025-28 വർഷത്തെ ഭാരവാഹികൾ ചുമതലയേറ്റു









# 1 – ാം ചരമവാർഷികം

14 – 02 – 2025

## കെ.എ. ജോസഫ് (85)

(ബേബി)

കുളപ്പള്ളിൽ, തെങ്ങേലി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S



# 17 – ാം ചരമവാർഷികം

17 – 3 – 2025

## കെ. സി. ജോസഫ്

(അനിയൻകുഞ്ഞ്)

കോയിക്കൽ, അങ്ങാടി, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

കോയിക്കൽ സോമിൽ, അങ്ങാടി, റാന്നി.

കോയിക്കൽ ഫർണിച്ചർ മാർട്ട്, മാമുക്ക്, റാന്നി
9446708529

കോയിക്കൽ ഫർണിച്ചേഴ്സ്, അങ്ങാടി, റാന്നി
9447395775

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



*In loving memory*

## 9-ാം ചരമവാർഷികം
07-04-2025

# പി. ജെ. ചെറിയാൻ





## 1-ാം ചരമവാർഷികം
5-03-2025

# തങ്കമ്മ ചെറിയാൻ

## പടിയറ, കോഴിമല

**മകൻ – മോനച്ചൻ പടിയറ**
**ഭാര്യ– ആൻസി**
**കൊച്ചുമക്കൾ– ടോണി, ടീന, ടിനു, ഷാർലറ്റ്, എലജ,**

Advt - S

## 18 – ാം ചരമവാർഷികം
20-02-2025

## 2 – ാം ചരമവാർഷികം
10-02-2025



**കെ.സി. ജേക്കബ്**    **മറിയാമ്മ ജേക്കബ്**

**കാട്ടുവേലിൽ,**
**കുറ്റൂർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40th Day of Demise
21-02-2025



## Jins Joseph
**Kaipuzha Chuzhukunnil, Ranni**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G



## 5 – ാം ചരമവാർഷികം
2-2-2025

## ഷൈനി മാത്യു
**(ഹാൻസിമോൾ)**
**പെരുമ്പള്ളിപറമ്പിൽ, കോട്ടയം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**10th Death Anniversary** 25-2-2025

**22nd Death Anniversary** 21-7-2025



**Mariamma Chacko**
(Retd. H. M. St. Thomas HSS, Ranny)

**Dr. P. T. Philip**
(Retd. Joint Director, AHD - Kerala)

**Paranickal, Vaikom, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

**12-ാം ചരമവാർഷികം** 29-04-2025

**2-ാം ചരമവാർഷികം** 11-03-2025





**ഉമ്മൻ മാത്യു** (കുഞ്ഞൂഞ്ഞ്)

**മറിയാമ്മ ഉമ്മൻ** (മേരി)

ഇരണയ്ക്കൽ പുത്തൻവീട്, പുതുശ്ശേരി, തുരുത്തിക്കാട്

പപ്പായുടെയും മമ്മിയുടെയും പവിത്രമായ ഓർമ്മകൾക്ക് മുമ്പിൽ പ്രാർത്ഥനയോടെ


സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

18 – ാം
ചരമവാർഷികം
13 – 01 – 2025

40 – ാം
ചരമദിനം
08 – 02 – 2025





വി.ഐ. സ്റ്റീഫൻ
(തേപ്പാച്ചൻ)

അച്ചാമ്മ സ്റ്റീഫൻ
(ബേബി)

വേലൂകിഴക്കേതിൽ, അങ്ങാടി, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

1st Death Anniversary
21- 02 - 2025



Mariyamma Kuriakose
(Kunjmol)

ThazhatheParayil, Eraviperoor

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*Inserted by sorrowing family*

Advt - O



വേർപാടിന്റെ മൂന്നാം വർഷം
16 – 02 – 2025

റവ. ഫാ. ഒ. പി. തോമസ്
പാറാനിയ്ക്കൽ

"ആചാര്യേശാ മ്ശിഹാ കൂദാശകളർപ്പിച്ച
ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

7th Death Anniversary
20 - 02 - 2025

1st Death Anniversary
26 - 02 - 2025





**ഏലിയാമ്മ മാത്യു**
**(ലീലാമ്മ)**

**തങ്കമ്മ തോമസ്**
(സൺഡേസ്കൂൾ അധ്യാപിക)

**കറയക്കളളിൽ, തിരുവൻവണ്ടൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

---

**40 – ാം ചരമദിനം**
27 – 02 – 2025



**പെണ്ണമ്മ മാത്യു (80)**
**പൂന്നൂച്ചേരിയിൽ, പാക്കിൽ**

നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

---



**3 – ാം ചരമവാർഷികം**
16 – 02 – 2025

**Rev. Fr. O. P. Thomas Paranickal**
(14-09-1955 - 16-02-2022)
Vicar as on 1990 -2021
